# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 40 ലക്കം ആഗസ്റ്റ് 2021 വാർഷിക വരിസംഖ്യ ₹ 100



പ്രോസാങ്ക്ടിറ്റി പബ്ലിക്കേഷൻസ്



ഞങ്ങളുടെ ഇടയിൽ ഞങ്ങളെപ്പോലെ ജീവിച്ചുകൊണ്ട്
വിശുദ്ധി പ്രാപിക്കാമെന്ന പ്രത്യാശ ഞങ്ങൾക്കു നൽകിയ
പരിശുദ്ധ മറിയമേ, ദൈവം ഞങ്ങൾക്കായി ഒരുക്കുന്ന പദ്ധതികളെ
സന്തോഷത്തോടെ സ്വീകരിച്ചു നല്ല ഫലം പുറപ്പെടുവിക്കുന്നവരാകുവാനും
സ്വർഗ്ഗത്തിലെത്തിച്ചേരുവാനും ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ.

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 39 കൈത്താ ലക്കം ആഗസ്റ്റ് 2021

*"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)*

രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**അനു കുരിശുംമൂട്ടിൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**ജെനി എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**അനിത അത്രശ്ശേരിയിൽ എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**വി.ജി. പ്രിന്റേഴ്സ്**
**വാർഷിക വരിസംഖ്യ ₹ 100/-**

പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.**
Email: wigipress@gmail.com

**പ്രോസാണ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ചാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ., കോട്ടയം 686 018**
**ഫോൺ: 9497588192, 0481-2578192**
**Email: psmktm@gmail.com**

## ഉള്ളടക്കം

- വിശ്വാസവൃക്ഷം ഫലംചൂടുമ്പോൾ 4
- സഭയും വിശ്വാസപൈതൃകവും 5
- ഫ്രത്തേല്ലി തൂത്തി 8
- കൈത്താക്കാലം: സഭയുടെ വളർച്ച പരസ്നേഹത്തിലൂടെ 10
- തായ്ത്തണ്ടിനോടു ചേർന്ന് 12
- വളരണം; പക്ഷേ തളർത്തരുത് 13
- ആത്മസമർപ്പണം 14
- മടക്കയാത്രയില്ല 16
- ഇത്തിൾ 18
- സഹനത്തിൽ വിരിഞ്ഞ സ്വർഗ്ഗപുഷ്പം 20
- കാലെബ് 22
- സഭൈക്യവും ആരാധനക്രമാലാപനവും 25
- ഫലസമൃദ്ധി 27
- സെനക്കിൾ തരംഗം 29
- അമ്മയോടൊപ്പം 30

എഡിറ്റോറിയൽ

# വിശ്വാസവൃക്ഷം ഫലം ചൂടുമ്പോൾ



*ഫലം ചൂടി നിൽക്കുന്ന സഭാതരുവിനെ അനുസ്മരിപ്പിക്കുന്ന കാലമാണ് കൈത്താക്കാലം. അത്തിമരത്തിന്റെ ചുവട്ടിലും നട്ടുനനച്ചു പരിപാലിച്ചു വളർത്തിയ മുന്തിരിത്തോട്ടത്തിലുമൊക്കെ വിളവെടുക്കാനെത്തിയ ദിവ്യഗുരു നമ്മുടെ പക്കലുമെത്തുമ്പോൾ കൊടുക്കാൻ എന്തെങ്കിലും കരുതിയിരിക്കണമെന്നു സഭാമാതാവു നമ്മെ ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കുന്ന കാലം. 'കൈത്താ' എന്ന വാക്കിന്റെ അർത്ഥംതന്നെ വിളവെടുപ്പ്, വേനൽ എന്നൊക്കെയാണല്ലോ.*

*സഭയോടു ചേർന്നുനിന്നുകൊണ്ട് നല്ല ഫലം പുറപ്പെടുവിക്കുന്നവരാകുവാൻ ഈ കാലത്തിലെ പ്രാർത്ഥനകളും വായനകളും നമ്മെ ഉദ്ബോധിപ്പിക്കുന്നു. സ്വർഗ്ഗാരോപിതയായ പരിശുദ്ധ കന്യകാമറിയവും ഭാരതത്തിന്റെ പ്രഥമവിശുദ്ധയായ വി.അൽഫോൻസാമ്മയും പ്രേഷിതതീക്ഷ്ണതയാൽ നിറഞ്ഞ മറ്റു പല വിശുദ്ധരും ഈ കാലത്തിൽ നമ്മെ ഓർമ്മിപ്പിക്കുന്നത് നല്ല ഫലം പുറപ്പെടുവിക്കുന്നവരാകുവാൻ നമുക്കു സാധിക്കുമെന്നു തന്നെയാണ്.*

*നല്ല ഫലം പുറപ്പെടുവിക്കുവാൻ ആഹ്വാനം ചെയ്യുക മാത്രമല്ല, അതിന് ആവശ്യമായതെല്ലാം നമുക്ക് ഒരുക്കിനൽകുകയും ചെയ്യുന്നുണ്ട് സഭാമാതാവ്. സഭയാകുന്ന അമ്മ തന്റെ എല്ലാ മക്കൾക്കും നൽകുന്നത് ഒരേ പോഷണമാണ്. അമ്മ നൽകുന്നതിനെ വേണ്ടവിധം സ്വീകരിക്കാത്തവരും തിരസ്കരിച്ച് മറ്റു വിഭവങ്ങൾ തേടിപ്പോകുന്നവരും നല്ല ഫലം പുറപ്പെടുവിക്കാത്തവരോ തിന്മയുടെ ഫലം പുറപ്പെടുവിക്കുന്നവരോ ആയിത്തീരും.*

*തന്റെ ദിവ്യരക്തത്താൽ വീണ്ടെടുത്ത് ശ്ലീഹന്മാരുടെ ചുടുനിണത്താൽ പരിപോഷിപ്പിച്ച് കാലാകാലങ്ങളിൽ വേണ്ടതെല്ലാം നൽകി സഭയിലൂടെ നമ്മെ വളർത്തുന്ന മിശിഹാ നമ്മിൽനിന്നും പ്രതീക്ഷിക്കുന്ന നല്ല ഫലം നൽകാൻ നാം തയ്യാറായോ? അതോ നമ്മെ നോക്കി അവിടുന്നു നിരാശപ്പെടുമോ? അവിടുന്നു നമ്മെപ്രതി അഭിമാനിക്കാനിടയാകട്ടെ.*

*ഒരു മരം പടർന്നു പന്തലിക്കുന്നതും ഫലം ചൂടുന്നതും അതിനുവേണ്ടിമാത്രമല്ല, അതിനെ ആശ്രയിക്കുന്ന മറ്റനേകർക്കുവേണ്ടിക്കൂടിയാണ്. ഇപ്രകാരം സഭാതനയരായ നാമും സഭയാകുന്ന അമ്മ നൽകുന്ന ആത്മീയ പോഷണം മടികൂടാതെ സ്വീകരിക്കുകയും ജനതകൾക്കു പ്രകാശമാകത്തക്കവിധം നല്ല ഫലങ്ങൾ പുറപ്പെടുവിക്കുകയും വേണം.*

*ബലിയർപ്പണം പോലും ഓൺലൈനായി മാറിയിരിക്കുന്ന ഇക്കാലത്ത് നമ്മുടെ ആത്മീയത ചോർത്തിയെടുക്കാൻ ഇടവരുത്തുന്ന പെഗാസസ് ഒരു തരത്തിലും നമ്മുടെ ഉള്ളിൽ പ്രവേശിക്കാതിരിക്കാൻ ജാഗ്രതയുള്ളവരായിരിക്കാം. അതിനായി സഭയാകുന്ന അമ്മ കരുതലോടെ തരുന്ന പ്രബോധനങ്ങൾ ദൈവദത്തമായി കണ്ട് സ്വീകരിക്കാനും വേണ്ടവിധം പ്രത്യുത്തരിച്ച് വിശുദ്ധിയിൽ വളരാനും നമുക്കാവട്ടെ.*

**ചീഫ് എഡിറ്റർ**

# സഭയും വിശ്വാസപൈതൃകവും



റവ. മല്പാൻ മാത്യു വെള്ളാനിക്കൽ

സഭ ജന്മം കൊള്ളുന്നത് ശ്ലൈഹിക വിശ്വാസസ്വീകരണത്തിലൂടെയാണ്. ആദിമസഭ ജന്മം കൊണ്ടത് പത്രോസ്ശ്ലീഹാ മറ്റു പതിനൊന്നുപേരോടുമൊപ്പം, അവരുടെ മിശിഹാനുഭവം ആദ്യമായി യഹൂദജനതയോടു പ്രസംഗിച്ചതിന്റെ ഫലമായിട്ടാണ് (ശ്ലീഹ 2,14-41). "അവന്റെ വചനം സ്വീകരിച്ചവർ സ്നാനം സ്വീകരിച്ചു, ആ ദിവസംതന്നെ മൂവായിരത്തോളം ആളുകൾ അവരോടു ചേർന്നു" (ശ്ലീഹ 2,41). അപ്രകാരം ശ്ലൈഹികവിശ്വാസപൈതൃകം സ്വീകരിച്ച സമൂഹമായി രൂപംകൊണ്ട ആദിമസഭാസമൂഹം ശ്ലീഹന്മാരുടെ തുടർന്നുള്ള പ്രബോധനത്തിൽ സദാ താത്പര്യപൂർവ്വം പങ്കുചേരുകയും ചെയ്തു (ശ്ലീഹ 2,42). സഭ എപ്പോഴും ശ്ലൈഹികവിശ്വാസപൈതൃകം നിരന്തരം സ്വീകരിക്കുന്നവരുടെയും അയവിറക്കുന്നവരുടേതുമായ സമൂഹമാണെന്ന് ഇതു വ്യക്തമാക്കുന്നു.

## ശ്ലീഹന്മാർ: ഉത്ഥിതനായ മിശിഹായെ കണ്ടവർ

ശ്ലീഹന്മാരുടെ വിശ്വാസപ്രഘോഷണത്തിനും വിശ്വാസപ്രബോധനത്തിനും ആധികാരികത ലഭിക്കുന്നത് അവരുടെ മിശിഹാനുഭവത്തിൽ നിന്നുമാണ്. ഉത്ഥിതനായ മിശിഹായെ അവർ കണ്ടു എന്നതാണ് അവരുടെ ശ്ലൈഹിക ആധികാരികതയുടെ അടിസ്ഥാനം. സഭയുടെ വിശ്വാസപാരമ്പര്യം കൈമാറിക്കൊണ്ട് പൗലോസ് ശ്ലീഹാ ഇപ്രകാരം പറയുന്നു: "എനിക്കു ലഭിച്ചതു സർവ്വപ്രധാനമായി കരുതി ഞാൻ നിങ്ങൾക്ക് ഏല്പിച്ചുതന്നു. വിശുദ്ധ ലിഖിതങ്ങളിൽ പറഞ്ഞിട്ടുള്ളതുപോലെ, മിശിഹാ നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിക്കുകയും സംസ്കരിക്കപ്പെടുകയും എഴുതപ്പെട്ടിരുന്നതുപോലെ മൂന്നാംനാൾ ഉയിർപ്പിക്കപ്പെടുകയും ചെയ്തു. അവൻ

കേപ്പായ്ക്കും പിന്നീട് പന്ത്രണ്ടുപേർക്കും പ്രത്യക്ഷനായി'' (1 കൊറി 15,3-5). പൗലോസ് ശ്ലീഹായും തന്റെ ശ്ലൈഹിക ആധികാരികത ഉറപ്പിക്കുന്നത് ഉത്ഥിതനായ മിശിഹായെ കണ്ടു എന്നതിലാണ്: "ഏറ്റവും ഒടുവിൽ അകാല ജാതനെന്നപോലെ എനിക്കും അവിടുന്ന് പ്രത്യക്ഷനായി" (1 കൊറി 15,8).

## തോമ്മാശ്ലീഹായുടെ ആധികാരികത

ഉത്ഥിതനായ ഈശോ ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ടപ്പോൾ തോമ്മാശ്ലീഹാ അവരോടുകൂടെ ഉണ്ടായിരുന്നില്ല (യോഹ 20,24). അതുകൊണ്ട് "ഞങ്ങൾ കർത്താവിനെ കണ്ടു" എന്ന് അവർ പറഞ്ഞപ്പോൾ, തോമ്മാശ്ലീഹാ അവരോടു പറഞ്ഞു: "അവന്റെ കൈകളിൽ ആണികളുടെ പഴുതുകൾ ഞാൻ കാണുകയും അവയിൽ എന്റെ വിരൽ ഇടുകയും അവന്റെ പാർശ്വത്തിൽ എന്റെ കൈകൾ വയ്ക്കുകയും ചെയ്തല്ലാതെ ഞാൻ വിശ്വസിക്കുകയില്ല" (യോഹ 20,25). തന്റെ ശ്ലൈഹിക ആധികാരികത ഉറപ്പിക്കാൻവേണ്ടിയാണ് തോമ്മാശ്ലീഹാ ഇപ്രകാരം നിർബന്ധം പിടിച്ചത്. അത് ന്യായമാണെന്നു തെളിയിച്ചുകൊണ്ട് ഉത്ഥിതനായ ഈശോ വീണ്ടും പ്രത്യക്ഷപ്പെടുകയും തോമ്മാശ്ലീഹാ തന്റെ ഏറ്റം വലിയ വിശ്വാസപ്രഖ്യാപനം- "എന്റെ കർത്താവേ, എന്റെ ദൈവമേ" എന്ന പ്രഖ്യാപനം നടത്തുകയും ചെയ്തു (യോഹ 20,26-28). അപ്പോൾ ഈശോ പറഞ്ഞ വാക്കുകൾ ഇവയാണ്: "നീ എന്നെ കണ്ടതുകൊണ്ടു വിശ്വസിച്ചു; കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ" (യോഹ 20,29). ഈ വാക്കുകൾ ഒരു സുവിശേഷഭാഗ്യമാണ്. കണ്ടതുകൊണ്ട് വിശ്വസിച്ച തോമ്മാശ്ലീഹായുടെ ആധികാരിക വിശ്വാസപൈതൃകം സ്വീകരിച്ച്, കാണാതെ വിശ്വസിക്കുന്നവരെല്ലാം ഭാഗ്യവാന്മാരും ഭാഗ്യവതികളുമാണെന്ന് ഈശോ പ്രഖ്യാപിക്കുകയായിരുന്നു. തോമ്മാശ്ലീഹായുടെ വിശ്വാസപൈതൃകം സ്വീകരിച്ചവരായ നമ്മളെല്ലാവരും ഭാഗ്യവാന്മാരും ഭാഗ്യവതികളുമാണെന്നുള്ള വസ്തുത അവിടെ ഈശോ പ്രഖ്യാപിക്കുകയായിരുന്നു.

## വിശ്വാസപൈതൃകവും ക്രിസ്തീയ ജീവിതവും

വി. തോമ്മാശ്ലീഹായുടെ വിശ്വാസപൈതൃകം സ്വീകരിച്ച സഭാംഗങ്ങളെ സംബന്ധിച്ചിടത്തോളം യഥാർത്ഥ ക്രിസ്തീയജീവിതം സഭയുടെ വിശ്വാസപൈതൃകം ജീവിതത്തിൽ സ്വാംശീകരിച്ച് വിശ്വാസജീവിതം നയിക്കുന്നതാണ്. സഭയുടെ വിശ്വാസം ആഘോഷിക്കപ്പെടുന്ന വേദി സഭയുടെ ആരാധനക്രമമാണ്. അതുകൊണ്ടാണ് സഭയുടെ ലിറ്റർജിയിൽ മാറ്റം വരുത്താൻ ഒരു വ്യക്തിക്കും അധികാരമില്ലാത്തത്. സഭയുടെ ആരാധനക്രമാഘോഷത്തിൽ സജീവമായി പങ്കുചേരുകയും അതിൽനിന്നും ലഭിക്കുന്ന ചൈതന്യം ജീവിക്കുകയും ചെയ്യുന്നതാണ് യഥാർത്ഥ ക്രിസ്തീയജീവിതം. അതേപ്പറ്റി രണ്ടാം വത്തിക്കാൻ കൗൺസിൽ ഇപ്രകാരം പറയുന്നു: "ആരാധനക്രമത്തിൽ എല്ലാവരും സമ്പൂർണ്ണമായും സജീവമായും പങ്കെടുക്കുക എന്നതാണ് ആരാധനക്രമ നവീകരണത്തിലും പരിപോഷണത്തിലും ഏറ്റവും കൂടുതൽ ശ്രദ്ധിക്കേണ്ട കാര്യം. കാരണം വിശ്വാസികൾ ശരിയായ ക്രൈസ്തവചൈതന്യം പാനം ചെയ്യുന്ന പ്രഥമവും അവശ്യവുമായ ഉറവിടമാണത്" (SC 14). അതുകൊണ്ട് കൂദാശകളിലും യാമപ്രാർത്ഥനകളിലും സജീവമായി പങ്കുചേർന്ന്, അതിലൂടെ വളരുന്ന വിശ്വാസത്തിന്റെ വെളിച്ചത്തിൽ ഓരോ നിമിഷവും ജീവിക്കുവാൻ വിശ്വാസികളെല്ലാം പരിശ്രമിക്കാണം.

## മാർത്തോമാശ്ലീഹായുടെ വിശ്വാസ പൈതൃകം

മാർ തോമ്മാശ്ലീഹായുടെ വിശ്വാസപൈതൃകമാണ് കേരളത്തിലെ സുറിയാനിസഭകൾക്കെല്ലാം ക്രിസ്തുവർഷം ഒന്നാം നൂറ്റാണ്ടുമുതൽ ലഭ്യമായിരിക്കുന്നത്. 'മാർത്തോമ്മാ നസ്രാണികൾ' എന്നറിയപ്പെട്ടിരുന്ന കേരള ക്രൈസ്തവർ ക്രിസ്തുവർഷം പതിനാറാം നൂറ്റാണ്ടുമുതൽ ലത്തിനീകരിക്കപ്പെടുകയുണ്ടായി. അതിനെതിരായുണ്ടായ പ്രതികരണമായിരുന്നു 'കൂനൻകുരിശുസത്യ'വും, അതേത്തുടർന്നുണ്ടായ സഭാവിഭജനങ്ങളും. സുറി

യാനി ക്രിസ്ത്യാനികൾ 'തോമ്മായുടെ മാർഗ്ഗം' സ്വീകരിച്ചവരും ലത്തീൻ ക്രിസ്ത്യാനികൾ 'പത്രോസിന്റെ മാർഗ്ഗം' സ്വീകരിച്ചവരും എന്ന റിയപ്പെട്ടിരുന്നു. അതുകൊണ്ട് ഇന്നത്തെ സുറിയാനിക്രിസ്ത്യാനികൾ തോമ്മാശ്ലീഹായുടെ വിശ്വാസപൈതൃകം സ്വീകരിച്ചവരാണ്. സീറോ മലബാർസഭയുടെ കുർബാനയിലുള്ള 'കർത്താവായ ദൈവമേ' എന്ന സംബോധന ഈ പൈതൃകത്തെ അനുസ്മരിപ്പിക്കുന്നതാണ്. അതുകൊണ്ട് ഈ വിശ്വാസപൈതൃകമായിരിക്കണം അവരുടെ ക്രിസ്തീയജീവിതത്തിനു വെളിച്ചവും വഴികാട്ടിയുമാകേണ്ടത്.

**വിശ്വാസപൈതൃകവും സമാധാനവും**

ഉത്ഥിതനായ മിശിഹാ ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ട അവസരങ്ങളിൽ അവർക്കു നല്കിയത് സമാധാനാശംസയാണ് (യോഹ 20,19). ഈശോ ഭൂജാതനായ സന്ദർഭത്തിൽ മനുഷ്യകുലത്തിനു മുഴുവനും ലഭിച്ച ആശംസയും സമാധാനമാണ് (ലൂക്കാ 2,14). തോമ്മാശ്ലീഹായുടെ വിശ്വാസപൈതൃകം ജീവിക്കുന്നവർക്ക് നൽകപ്പെടുന്ന സമ്മാനവും സമാധാനമാണ്. യോഹന്നാന്റെ സുവിശേഷം ഉപസംഹരിക്കുന്നത് വിശ്വസിക്കുന്നവർക്കു ജീവൻ ലഭിക്കുമെന്ന ഉറപ്പ് നല്കിക്കൊണ്ടാണ് (യോഹ 20,30 -31). ഈ ജീവൻ സമാധാനം തന്നെയാണ്. 'വിശ്വാസം' ശരിയായ അർത്ഥത്തിൽ ഒരു സ്നേഹബന്ധമാണ്, സ്നേഹത്തിന്റെ പ്രതിബദ്ധതയാണ്, ഈശോയോടും, ഈശോയിലൂടെ പിതാവായ ദൈവത്തോടും ദൈവമക്കളായ മനുഷ്യസഹോദരങ്ങളോടുമുള്ള സ്നേഹത്തിന്റെ പ്രതിബദ്ധത. അപ്രകാരം സ്നേഹബന്ധം ജീവിക്കുന്ന മനുഷ്യനാണ് യഥാർത്ഥ സമാധാനം അനുഭവിക്കുന്നത്. അതുകൊണ്ട് മാർത്തോമ്മാശ്ലീഹായുടെ വിശ്വാസപൈതൃകം കൈമാറികിട്ടിയിരിക്കുന്ന നമുക്ക് ആരാധനക്രമാഘോഷങ്ങളിൽ സജീവമായി പങ്കുചേർന്ന് വിശ്വാസചൈതന്യത്തിൽ വളർന്ന് വിശ്വാസവെളിച്ചത്തിൽ ജീവിച്ച് സമാധാനപൂർണ്ണമായ ജീവിതം നയിക്കാൻ പരിശ്രമിക്കാം.

**ആഘോഷത്തിന്റെ**
**സ്വന്തം രൂപങ്ങൾ സൃഷ്ടിക്കുന്ന**
**വ്യക്തികളുടെ ഒരു സംഘത്തിന്റെ**
**വെറും സമ്മേളനമല്ല ലിറ്റർജി. ഒരിക്കലുമല്ല.....**
**പിതാവിന്റെ മുമ്പിൽ ഈശോ നടത്തുന്ന**
**പ്രത്യക്ഷീകരണത്തിൽ നാം പങ്കുചേരുന്നു.**
**അതിലൂടെ മുഴുവൻ സഭയുടെയും**
**ലോകവ്യാപകമായ സമൂഹത്തിന്റെയും**
**പുണ്യവാന്മാരുടെ കൂട്ടായ്മയുടെയും**
**അംഗങ്ങളെന്ന നിലയിൽ നാം നിലകൊള്ളുന്നു.**
**അതേ, ഒരർത്ഥത്തിൽ സ്വർഗ്ഗത്തിന്റെ ലിറ്റർജി ഇതാണ്.**
**( "ഗോഡ് ആൻഡ് ദി വേൾഡ്"- ബെനഡിക്ട് 16-ാമൻ മാർപാപ്പാ)**

ഫ്രത്തേല്ലി തൂത്തി – 4

# വഴിയിലെ അപരിചിതൻ



റവ. ഡോ. തോമസ് വടക്കേൽ
പാലാ രൂപത

ഫ്രത്തേല്ലി തൂത്തിയുടെ രണ്ടാമത്തെ അധ്യായത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ അവതരിപ്പിക്കുന്നത് നല്ല സമരിയാക്കാരനെയാണ് (ലൂക്കാ 10,25-37). ഈശോമിശിഹാ അരുളിച്ചെയ്ത ഈ അന്യാപദേശത്തെ അടിസ്ഥാനമാക്കി പാപ്പാ നമുക്കു മുൻപിൽ ചില വെല്ലുവിളികൾ ഉയർത്തുകയാണ്.

മാനുഷികബന്ധങ്ങൾ ബന്ധനങ്ങളായി മാറുന്ന ഒരു പശ്ചാത്തലത്തിൽ, സഹോദരബന്ധങ്ങൾക്കു വില കല്പിക്കാത്ത ഒരു സാഹചര്യത്തിൽ 'നീ നിന്റെ സഹോദരന്റെ കാവൽക്കാരൻ ആണ്' എന്ന സത്യത്തെ ഉറക്കെപ്പറഞ്ഞുകൊണ്ട് നമ്മുടെ ബന്ധങ്ങളെ ഫ്രാൻസിസ് പാപ്പാ ഒരു പുനർവിചാരണ നടത്തുകയും ചെയ്യുന്നുണ്ട് ഈ അധ്യായത്തിൽ. 'നിന്റെ സഹോദരൻ എവിടെ' (ഉല്പ 4,9) എന്ന ചോദ്യം ഇന്നും എല്ലാവരുടെയും ചെവികളിൽ മുഴങ്ങിക്കേൾക്കണം. അപ്പോൾ മാത്രമാണ് കരുതലിന്റെ ഒരു സംസ്കാരം രൂപപ്പെടുത്തുവാൻ നമുക്കു സാധിക്കുന്നത്.

നാം എല്ലാവരും സ്രഷ്ടാവായ ദൈവത്തിന്റെ മക്കളാണ്. അക്കാരണത്താൽ നമ്മുടെ ചുറ്റുമുള്ളവരെല്ലാം നമ്മുടെ സഹോദരങ്ങളാണ്. "അമ്മയുടെ ഉദരത്തിൽ എന്നെ ഉരുവാക്കിയവൻ തന്നെയല്ലേ അവനെയും സൃഷ്ടിച്ചത്? അമ്മയുടെ ഉദരത്തിൽ ഞങ്ങൾക്കു രണ്ടുപേർക്കും രൂപം നൽകിയത് ഒരുവൻ തന്നെയല്ലേ?" (ജോബ് 31,15) എന്ന ഈ ചോദ്യം വിരൽ ചൂണ്ടുന്നത് നാം പിതാവായ ദൈവത്തിന്റെ മക്കളാണെന്നും സഹോദരങ്ങളുമാണെന്നാണ്.

സ്നേഹവും പരിചരണവും എല്ലാവർക്കും നല്കണമെന്ന് വിശുദ്ധ ഗ്രന്ഥത്തെ അടിസ്ഥാനമാക്കി ഫ്രാൻസിസ് പാപ്പാ പഠിപ്പിക്കുന്നുണ്ട്: "നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക" (ലേവ്യ19,18) എന്ന പുരാതനകല്പന സഹപൗരന്മാരെ ഉദ്ദേശിച്ചു മാത്രമുള്ളതാണെങ്കിൽ "നിനക്ക് അഹിതമായത് അപരനോടും ചെയ്യരുത്" (തോബിത് 4,15) എന്ന കല്പനയും "മനുഷ്യന്റെ സഹതാപം അയൽക്കാരോടാണ്; എന്നാൽ കർത്താവ് സകല ജീവജാലങ്ങളോടും ആർദ്രത കാണിക്കുന്നു" (പ്രഭാ 18,13) എന്ന പരാമർശവും സൂചിപ്പിക്കുന്നത് എല്ലാവരോടും നമ്മൾ കാണിക്കേണ്ട കരുതലിനേയും സ്നേഹത്തേയുമാണ്. ഏവരും നമ്മുടെ സോദരർ ആണ്. വിശുദ്ധഗ്രന്ഥം ഈ യാഥാർത്ഥ്യം എന്നും നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്:


| | |
|---|---|
| *നിങ്ങൾ പരദേശിയെ ദ്രോഹിക്കുകയോ ഞെരുക്കുകയോ അരുത്* (പുറ 22,21) | *എന്തെന്നാൽ നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക എന്ന ഒരേയൊരു കല്പനയിൽ നിയമം മുഴുവനും അടങ്ങിയിരിക്കുന്നു* (ഗലാ 5,14) |
| *നിങ്ങൾ പരദേശിയെ പീഡിപ്പിക്കരുത്. ഈജിപ്തിൽ പരദേശികളായിരുന്ന നിങ്ങൾക്കു പരദേശികളുടെ ഹൃദയവികാരങ്ങൾ അറിയാമല്ലോ* (പുറ 23,9) | *സഹോദരനെ സ്നേഹിക്കുന്നവൻ പ്രകാശത്തിൽ വസിക്കുന്നു... എന്നാൽ തന്റെ സഹോദരനെ വെറുക്കുന്നവൻ ഇരുട്ടിലാണ്* (1 യോഹ 2,10-11) |
| *മുന്തിരിത്തോട്ടത്തിലെ ഫലം ശേഖരിക്കുമ്പോൾ കാലാ പെറുക്കരുത്. അതു പരദേശിക്കും അനാഥനും വിധവയ്ക്കും ഉള്ളതാണ്* (നിയമ 24, 2-22) | *കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവനു കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കുവാൻ സാധിക്കുകയില്ല* (1 യോഹ 4,20) |
| *നിങ്ങളുടെ നാട്ടിൽ വന്നു താമസിക്കുന്ന വിദേശിയെ ഉപദ്രവിക്കരുത്. നിങ്ങളുടെ ഇടയിൽ വസിക്കുന്ന വിദേശിയെ നിങ്ങൾ സ്വദേശിയെപ്പോലെ കണക്കാക്കണം. നിങ്ങളെപ്പോലെ അവനെയും സ്നേഹിക്കണം* (ലേവ്യ 19,33-34) | *സഹോദരനെ സ്നേഹിക്കുന്നതുകൊണ്ട് നമ്മൾ മരണത്തിൽനിന്നും ജീവനിലേക്കു കടന്നിരിക്കുന്നു...സ്നേഹിക്കാത്തവനാകട്ടെ മരണത്തിൽത്തന്നെ നിലകൊള്ളുന്നു* (1 യോഹ 3,14) |

"തമ്മിൽതമ്മിലും മറ്റെല്ലാവരോടുമുള്ള സ്നേഹം വളർന്നു സമൃദ്ധമാകുവാൻ" (1 തെസ 3,12) എല്ലാവരും ആഗ്രഹിക്കണമെന്ന പൗലോസ്ശ്ലീഹായുടെ ദർശനങ്ങളെ ഫ്രാൻസിസ് മാർപാപ്പ ഉയർത്തിക്കാട്ടുന്നുണ്ട്. നമ്മെ ഒറ്റപ്പെടുത്തുന്ന, വേർപെട്ടവരായി മാറ്റുന്ന എല്ലാ ചങ്ങലകളെയും പൊട്ടിച്ചെറിയുവാനും, സ്നേഹത്തിന്റെ പാലങ്ങൾ പണിയുവാനും, നമ്മുടെ എല്ലാവരുടേയും സ്വന്തമായ ഏകമഹാകുടുംബത്തെ രൂപപ്പെടുത്തുവാനും നാം യത്നിക്കേണ്ടതുണ്ട്.

പാതയോരത്ത് ഉപേക്ഷിക്കപ്പെട്ടവരെ, മുറിവേറ്റു കിടക്കുന്നവരെ, സഹായത്തിനായി കേണപേക്ഷിക്കുന്നവരെ, ആരോഗ്യമില്ലാത്തവരെ പരിചരിക്കാൻ നമുക്കു മനസ്സുണ്ടാവണം. അവർക്കുവേണ്ടി എന്റെ പണം ചെലവഴിക്കുവാൻ നാം തയ്യാറാകണം. നമ്മുടെ വിലപ്പെട്ട സമയം അവർക്കായി ചെലവഴിക്കണം. നമ്മുടെ തന്നെ പല പദ്ധതികളും പരിപാടികളും മാറ്റി വച്ച് അപരന്റെ ആവശ്യത്തിനു പ്രാധാന്യം കൊടുത്തു ജീവിക്കുമ്പോഴാണ് നല്ല സമറായനാകാൻ നമുക്ക് ഇന്നു സാധിക്കുന്നത്.

ദുർബലർ പലപ്പോഴും അവഗണിക്കപ്പെടുന്നുണ്ട് എന്നത് ഒരു വസ്തുതയാണ്. വികസിത സമൂഹങ്ങളിൽപ്പോലും അവർ സുരക്ഷിതത്വമില്ലാത്തവരും പരിചരണം ലഭിക്കാത്തവരുമായി മാറുന്നുണ്ട്. അവരുടെ ദുർബലതയുടെ സാഹചര്യങ്ങളിൽ മനഃപൂർവ്വം പുറംതിരിയുന്ന, കടന്നുപോകുന്ന ഒരു സംസ്കാരം ഇന്ന് രൂപപ്പെട്ടിട്ടുണ്ട്. തെരുവീഥികളിൽ അവർ ആക്രമിക്കപ്പെടുന്നത് കാണുമ്പോഴും, പലരാലും അവർ പുച്ഛിക്കപ്പെടുന്നത് കാണുമ്പോഴും നാം അതിവേഗത്തിൽ അവിടെനിന്നും മാറിപ്പോകുന്നു; അവർക്കു വേണ്ടി സ്വരം ഉയർത്താതെ, അവരുടെ പ്രശ്നങ്ങളിൽ ആശ്വാസമാകാതെ.

നല്ല സമറിയാക്കാരന്റെ മാതൃകയിലേക്ക് ഇന്നിന്റെ ലോകം ശ്രദ്ധ തിരിക്കേണ്ടതുണ്ട്. ഈശോ നൽകുന്ന ഈ അന്യാപദേശം ലോകം മുഴുവനും ശ്രദ്ധിക്കണം. പൊതുനന്മ ലക്ഷ്യം വച്ചുകൊണ്ട്, നാം എല്ലാവരും പരസ്പരം ബന്ധപ്പെട്ടിരിക്കുന്ന സഹോദരങ്ങളാണെന്ന ചിന്തയോടെ അനുദിനം മുന്നേറണം. 'അനുകമ്പ' ജീവിതത്തിന്റെ ഭാഗമാക്കണം. അരക്ഷിതരോടും കഷ്ടസ്ഥിതിയിൽ ആയിരിക്കുന്നവരോടും എന്നും പുലർത്തേണ്ട മനോഭാവം കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും സാഹോദര്യത്തിന്റേതുമാകണം.



# കൈത്താക്കാലം: സഭയുടെ വളർച്ച പരസ്നേഹത്തിലൂടെ

**ഡോ. സി. അനു കുരിശുംമൂട്ടിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

നഷ്ടക്കണക്കുകൾക്കു നടുവിലാണ് ലോകം. വളർച്ചയുടെ പുത്തൻ പടവുകൾ കയറിയിരുന്ന ബിസിനസ് സാമ്രാജ്യങ്ങളൊക്കെ തകർന്നു തരിപ്പണമായിരിക്കുന്നു. കോവിഡ് 19, 20 കഴിഞ്ഞ് 21 ൽ എത്തുമ്പോൾ കാലാകാലങ്ങളുടെ അനുഭവങ്ങൾ സമ്മാനിച്ച കണക്കുകൂട്ടലുകളൊക്കെ അർത്ഥശൂന്യമാണെന്നു ലോകം മനസ്സിലാക്കുകയാണ്. ഇത് ഒരു തിരിച്ചറിവിന്റെ സമയമാണ്. നാം അഭിമാനത്തോടെ - ഒരല്പം അഹങ്കാരത്തോടെ നേടിയ വളർച്ചകളൊന്നും സമഗ്രമായിരുന്നില്ല എന്ന തിരിച്ചറിവ്! ലോകത്തെ പ്രണയിച്ച് ഉയരങ്ങൾ തേടിയപ്പോൾ ദൈവത്തെ മറന്നു എന്ന തിരിച്ചറിവ്!

കൈത്താക്കാലം ഫലസമൃദ്ധി ആഘോഷം തീർക്കുന്ന കലർപ്പില്ലാത്ത വളർച്ചയുടെ കാലം. പ്രതിസന്ധികളുടെ പരാധീനതകൾക്കിടയിലും ആത്മശക്തി സഭയിൽ അത്ഭുതം സൃഷ്ടിക്കുന്നതിന്റെ ആവേശമുണർത്തുന്ന കാലം. ഗുരുവിന്റെ കല്പന ശിരസ്സാവഹിച്ച് ജീവരക്തംകൊണ്ട് സഭാതരു നനച്ചു വളർത്തിയ പന്ത്രണ്ട് ശ്ലീഹന്മാരുടെ തിരുനാളാഘോഷിച്ചുകൊണ്ടാണ് കൈത്താക്കാലം ആരംഭിക്കുന്നത്. പാദം കഴുകിയവന്റെ സ്നേഹവിപ്ലവവും പേറി ലോകത്തിന്റെ അതിർത്തികളോളം പോയ ശ്ലീഹന്മാർ അവൻ സ്നേഹിച്ചതുപോലെ പരസ്പരം സ്നേഹിച്ചുകൊണ്ടാണ് സുവിശേഷപ്രഘോഷകരായത്. "ഇവർക്ക് എങ്ങനെ ഇങ്ങനെ സ്നേഹിക്കാൻ കഴിയുന്നു" എന്ന അത്ഭുതം കൂറുന്ന ചോദ്യമാണ് അനേകരെ ആദിമസഭയിലേക്ക് ആനയിച്ചത് എന്നതിന് നടപടിപ്പുസ്തകം തന്നെ സാക്ഷി. എല്ലാവരും എല്ലാവർക്കും എല്ലാമായതിന്റെ ദൈവിക കൂട്ടായ്മയിലാണ് ആദിമസഭ വളർന്നത്. അവരുടെ നിസ്വാർത്ഥ സ്നേഹത്തിന്റെ വളക്കൂറുള്ള മണ്ണിലാണ് സഭ പൊട്ടിമുളച്ചതും ആർജ്ജവത്തോടെ വളർന്നതും ലോകത്തിന് ആത്മീയ ദാനവരങ്ങളുടെ ഫലസമൃദ്ധി സമ്മാനിച്ചതും.

ലാഭനഷ്ടങ്ങളുടെ കണക്കുകൂട്ടലുകളിൽ സ്വാർത്ഥതയുടെ ചെറുകൂടാരങ്ങൾ തീർക്കുന്ന ആധുനികലോകത്തിനുമുൻപിൽ 'കൈത്താക്കാലം' ഒരു ആത്മശോധനയുടെ കാലമാണ്. 'ഉപയോഗക്ഷമത'യുടെ തുലാസ്സിൽ വ്യക്തിബന്ധങ്ങളുടെ മാറ്റുനോക്കുന്ന ഈ കൺസ്യൂമർ

സംസ്കാരത്തിന്, "നിലത്തുവീണഴിഞ്ഞ്" ഫലം പുറപ്പെടുവിക്കാനുള്ള കൈത്താക്കാലത്തിന്റെ ആഹ്വാനം അസംബന്ധമായി തോന്നിയേക്കാം. എന്നാൽ വെട്ടിപ്പിടിച്ചവർക്കൊക്കെ വിട്ടുകളയേണ്ടിവന്നപ്പോൾ, നഷ്ടപ്പെടുത്തിയവരെയൊക്കെ തേടിയെത്തിയിട്ടേയുള്ളൂ എന്ന് ചരിത്രം സാക്ഷിക്കുന്നു. വമ്പൻ പടയോട്ടങ്ങൾ നടത്തിയ ചക്രവർത്തിമാരൊക്കെ ചരിത്ര പുസ്തകങ്ങളുടെ ഉൾത്താളുകളിൽ ഒതുങ്ങുമ്പോൾ ത്യാഗപൂർവ്വം സ്നേഹിച്ച വിശുദ്ധരൊക്കെ നമ്മുടെ ഹൃദയങ്ങളിൽ മരണമില്ലാതെ ജീവിക്കുന്നു. വിശുദ്ധ കുര്യാക്കോസും ജൂലിയറ്റും, വിശുദ്ധ മഗ്ദേലനാമറിയം, മാർ അദ്ദായിയും മാർ മാറിയും, വിശുദ്ധ യാക്കോബുശ്ലീഹാ, വിശുദ്ധ യൊവാക്കീമും അന്നയും, മലയാളത്തിന്റെ സ്വന്തം വിശുദ്ധ അൽഫോൻസ, വിശുദ്ധ ഇഗ്നേഷ്യസ് ലെയോള, വിശുദ്ധ അൽഫോൻസ് ലിഗോരി, വിശുദ്ധ ജോൺ മരിയ വിയാനി, വിശുദ്ധ മാക്സിമില്യൻ കോൾബെ, വിശുദ്ധ പത്താം പീയൂസ്, വിശുദ്ധ സൈമൺ ബർസബായും സഹരക്തസാക്ഷികളും... ഈ കൈത്താക്കാലത്ത് അനുസ്മരിക്കുന്ന വിശുദ്ധരുടെ നിര ഏറെ വലുതാണ്. സഭാതരുവിലെ ഏറ്റവും ആകർഷകമായ ഫലങ്ങൾ പുറപ്പെടുവിക്കുന്ന ശാഖകൾ എന്ന നിലയിൽ വിശുദ്ധ ജീവിതങ്ങളെക്കുറിച്ചുള്ള ധ്യാനം കൈത്താക്കാലത്തിന്റെ ആന്തരികസത്ത മനസ്സിലാക്കാൻ നമ്മെ സഹായിക്കും തീർച്ച.

കർത്താവിന്റെ ജീവരസം നുകർന്നു വിശുദ്ധരായ നമ്മുടെ സഹോദരങ്ങൾ നുകർന്ന അതേ രക്തമല്ലേ നമ്മുടെ സിരകളിൽ! സ്വയം വിശുദ്ധീകരിച്ച് ലോകത്തെ രക്ഷയിലേക്ക് നയിക്കുവാൻ ദൈവം നമുക്കു നൽകിയ സത്യം, നീതി, സമാധാനം, വിശ്വാസം, ദൈവവചനം എന്നീ ആയുധങ്ങൾ എവിടെ? സർവ്വോപരി സകലത്തേയും അതിജീവിക്കുന്ന സ്നേഹം സംരക്ഷിക്കുവാൻ, സഹോദരസ്നേഹത്തിൽ വേരുപാകി സഭാതരുവിനെ വളർത്തുവാൻ ഫലം ചൂടിനിൽക്കുന്ന ഒരു വൃക്ഷമാക്കുവാൻ ഈ കൈത്താക്കാലത്ത് സഭയിലൂടെ കർത്താവ് തന്നെ ദാനങ്ങൾ വർഷിച്ചുകൊണ്ടിരിക്കുന്നു. കർത്താവിന്റെ കൃപയുടെ സമൃദ്ധിയും അതുവഴി നാം കർത്താവിന് തിരികെ നല്കിയ ഫലങ്ങളും ഇരുതട്ടുകളിൽ വച്ച് ഒന്നു പരിശോധിച്ചാലോ? സഹോദരസ്നേഹത്തിന്റെ ആഴമാണ് ദൈവം ആഗ്രഹിക്കുന്ന ഏറ്റവും ശ്രേഷ്ഠമായ ഫലം.

നീസായിലെ വിശുദ്ധ ഗ്രിഗറിയുടെ വാക്കുകൾ നമുക്ക് ആത്മവിചിന്തനത്തിന് പ്രേരകമാകട്ടെ: "അന്ത്യവിധിയുടെ നാളുകളെ ആത്മധൈര്യത്തോടെ നിനക്ക് നേരിടണമോ? വിധികർത്താവായ പിതാവിന്റെ മുഖത്തേക്ക് ധൈര്യപൂർവ്വം നിനക്ക് നയനങ്ങൾ ഉയർത്തണമോ? ആ പിതാവിന്റെ മക്കളിൽ നിന്ന് നിന്റെ കരുണയുടെ വാത്സല്യത്തിന്റെ നയനങ്ങൾ പിൻവലിക്കാതിരിക്കുക. ബലിപീഠത്തിൽ കാസയിൽ ഉയർത്തുന്ന കർത്താവിനെ കാണാൻ നിനക്ക് വ്യഗ്രതയുണ്ടോ? വഴിയരികിൽ ഇരിക്കുന്ന, ഭിക്ഷ യാചിക്കുന്ന നിന്റെ സഹോദരനിൽ ദൈവത്തെ കാണുക. സഹോദരരിൽ ദൈവത്തെ ദർശിക്കാത്ത ആർക്കും കാസയിലും, പീലാസയിലും ദൈവത്തെ ദർശിക്കുവാൻ സാധിക്കുകയില്ല. മിശിഹാ നമ്മുടെ സ്നേഹമാണ്. സ്നേഹം നന്മയാണ്. കാരണം അത് അതിക്രമങ്ങൾക്കുവേണ്ടി മരണം വരിച്ചു. പാപങ്ങൾ ക്ഷമിച്ച സ്നേഹം നന്മയാണ്. നമ്മുടെ ആത്മാക്കൾ മരണത്തോളം ശക്തമായ സ്നേഹം ധരിക്കട്ടെ".



# തായ്ത്തണ്ടിനോടു ചേർന്ന്





**ഫിലോ കുറ്റിയാത്ത്**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**ഒ**രു ദിവസം രാവിലെ മുറ്റത്തേക്കിറങ്ങിയപ്പോൾ കണ്ട ദയനീയമായ ഒരു കാഴ്ച... വളരെ കാര്യമായി വളർത്തിക്കൊണ്ടുവരുന്ന കറിവേപ്പിന്റെ രണ്ടുമൂന്നു ശിഖരങ്ങൾ ഒടിഞ്ഞു തൂങ്ങിക്കിടക്കുന്നു. കഷ്ടമായിപ്പോയല്ലോ എന്ന ചിന്തയോടെ കുറച്ചു സമയം നോക്കിനിന്നിട്ട് പിന്നീട് വെട്ടിമാറ്റാം എന്നു മനസ്സിൽ കരുതി തിരിച്ചുകയറി. കുറച്ചു ദിവസങ്ങൾക്കുശേഷം വീണ്ടും കറിവേപ്പിന്റെ ചുവട്ടിൽ എത്തിയപ്പോൾ കണ്ട കാഴ്ച എന്നെ വിസ്മയിപ്പിച്ചു. ഒടിഞ്ഞുതൂങ്ങിക്കിടന്നിരുന്ന കമ്പിൽ നിറയെ തളിരുകൾ, അനുകൂലമായ കാലാവസ്ഥ ലഭിച്ചപ്പോൾ നിറയെ ഇലകൾ! അപ്പോഴാണ് ശാഖകൾ തായ്ത്തണ്ടിനോട് ചേർന്നുനിന്നാലെ ഫലങ്ങൾ പുറപ്പെടുവിക്കാൻ സാധിക്കൂ എന്ന തിരുവചനം മനസ്സിൽ ഓർമ്മവന്നത്. “ഞാൻ മുന്തിരിവള്ളിയും നിങ്ങൾ ശാഖകളുമാണ്” (യോഹ 15,5). എത്ര സത്യം! തായ്ത്തണ്ടിനോട് ഒരു ചെറിയ ബന്ധം മാത്രം അവശേഷിച്ചിരുന്ന കറിവേപ്പ് നിറയെ ഇലകൾ ഉണ്ടായെങ്കിൽ ഈശോയോടുള്ള ബന്ധം അറ്റുപോയിട്ടില്ലെങ്കിൽ നമുക്കും ഫലങ്ങൾ പുറപ്പെടുവിക്കാൻ കഴിയും. പൂർണ്ണമായി ഒട്ടിച്ചേർന്നുനിന്നാൽ നൂറുമേനി ഫലങ്ങൾ പുറപ്പെടുവിക്കുന്നവരായി നാം മാറും. ഈ ബന്ധം അറ്റുപോകാതിരിക്കാൻ നാം ശ്രദ്ധയുള്ളവരായിരിക്കണം. ജീവിതാനുഭവങ്ങൾ നമ്മെ വളച്ചെന്നും ഒടിച്ചെന്നും തളർത്തിയെന്നുംവരാം. പക്ഷേ ഈശോയോടുള്ള ബന്ധം ഒരിക്കലും നഷ്ടപ്പെട്ടുപോകരുത്. അല്ലെങ്കിൽ വേർപ്പെട്ട കമ്പുകൾ ഉണങ്ങിപ്പോകുന്നതുപോലെ നാമും ഉണങ്ങിപ്പോകും, അവസാനം തീയിൽ എറിയപ്പെടും. നിത്യജീവനെ ലക്ഷ്യമാക്കിയുള്ള നമ്മുടെ യാത്രയിൽ നമ്മുടെ ലക്ഷ്യത്തിൽ എത്തിച്ചേരാൻ ഏറ്റം ആവശ്യമായ ബന്ധമാണ് ഈശോയുമായുള്ള ബന്ധം. അതു നമുക്കു കാത്തുസൂക്ഷിക്കാം. നിത്യസഹായകനായ പരിശുദ്ധാത്മാവിനോട് ഈ ബന്ധം അറ്റുപോകാതെ നിലനിർത്താൻ നമുക്കു പ്രാർത്ഥിക്കാം.



# വളരണം; പക്ഷേ തളർത്തരുത്

**ഷിനി തെരേസ് മുതുപ്ലാക്കൽ**

"**എ**ന്റെ ഇരുപത്തിനാലു വർഷത്തെ ജീവിതത്തിൽ ഞാൻ നേടിയെടുത്ത തൊക്കെ സ്വയം അഗ്നിക്കിരയാക്കേണ്ടി വരുന്നതുപോലെ തോന്നുന്നു. അമേരിക്കൻ യൂണിവേഴ്സിറ്റിയിലെ ഐഡി കാർഡോ അവാർഡുകളോ ഇനി കയ്യിൽ വയ്ക്കുന്നത് അപകടകരമാണ്... ഓരോ പ്രവിശ്യകളും തകർന്നടിയുമ്പോൾ ഞാൻ എന്നിലെ പെൺകുട്ടിയുടെ മനോഹരമായ സ്വപ്നങ്ങളെക്കുറിച്ച് ആലോചിക്കുകയായിരുന്നു. എനിക്കും എന്റെ സഹോദരിമാർക്കും രാത്രി ഒരുപോള കണ്ണടയ്ക്കാൻ കഴിഞ്ഞില്ല. താലിബാൻ കാലത്തെക്കുറിച്ചും അവർ എങ്ങനെയാണു സ്ത്രീകളെ കണ്ടിരുന്നതെന്നും ഉമ്മ ഞങ്ങളോടു പറഞ്ഞ കഥകൾ ഓർക്കുകയായിരുന്നു രാത്രി മുഴുവൻ... ഒരിക്കൽക്കൂടി ഞങ്ങളുടെ അടിസ്ഥാന അവകാശങ്ങൾപോലും നഷ്ടപ്പെടുമെന്നോ ഇരുപതുവർഷം പുറകോട്ടു പോകേണ്ടിവരുമെന്നോ ഒരിക്കൽപോലും ഞാൻ പ്രതീക്ഷിച്ചിരുന്നില്ല. പേടിച്ചരണ്ട സ്ത്രീകളുടെ മുഖമാണ് എനിക്കു ചുറ്റുമിപ്പോൾ".

അഫ്ഗാനിസ്ഥാനിലെ കാബൂളിൽനിന്നു പേരു വെളിപ്പെടുത്താതെ ഒരു സ്ത്രീ 'ദ ഗാർഡിയനി'ൽ എഴുതിയ നൊമ്പരപ്പെടുത്തുന്ന വാക്കുകൾ തുടരുകയാണ്... സോഷ്യൽ മീഡിയായിലൂടെ അത് നമ്മുടെ പക്കലെത്തിയിട്ടുണ്ടാവണം. താലിബാൻ കാബൂളിൽ ഭരണം പിടിച്ചെടുക്കുന്നതിനു തൊട്ടുമുമ്പാണ് അവർ അത് കുറിച്ചത്. ഭീകരരെ ഭയന്ന് സ്ത്രീകളെ തങ്ങളുടെ വാഹനത്തിൽ കയറ്റാൻ മടിക്കുന്ന ടാക്സിക്കാരെക്കുറിച്ചും, സ്ത്രീകൾ പഠിക്കുന്നതും ജോലിചെയ്യുന്നതും സ്വതന്ത്രരായി നടക്കുന്നതും അപമാനമായി കാണുകയും സ്ത്രീകളെ പരിഹസിക്കുകയും താലിബാൻഭരണം ആഗ്രഹിക്കുകയും അവർക്കുവേണ്ട ഒത്താശകൾ ചെയ്തുകൊടുക്കുകയും ചെയ്യുന്ന പല പുരുഷന്മാരെക്കുറിച്ചും വേദനയോടെയും ഭയത്തോടെയും ഇതിൽ കുറിച്ചിരിക്കുന്നു. താലിബാന്റെ വളർച്ചയിൽ തളരുന്ന എത്രയോ ജീവിതങ്ങളുടെ പ്രതീകമാണിവർ! എത്രയോ പേരുടെ സ്വാതന്ത്ര്യവും സ്വപ്നങ്ങളും ഭാവിയും ജീവിതവും താലിബാന്റെ വളർച്ചയിൽ തകരുന്നു!

**"സ്നേഹിച്ചുകൊണ്ടുമാത്രമേ പടുത്തുയർത്താനാവൂ"** (ദൈവദാസൻ ബിഷപ് വില്യം ജകൂീന്താ). യഥാർത്ഥമായ ദൈവസ്നേഹത്തിലും പരസ്നേഹത്തിലും അടിസ്ഥാനമിട്ട വളർച്ചകൾക്കുമാത്രമേ നിലനില്പ്പുള്ളൂ. ചുറ്റുമുള്ളവരുടെ അവകാശങ്ങൾ ചവിട്ടിയരച്ച് അടിത്തറയാക്കി അതിൽ പണിതുയർത്തുന്നതൊന്നും ക്രിസ്തീയചൈതന്യത്തിനു നിരക്കുന്നതല്ല. തിരുസ്സഭയുടെ വളർച്ചയെക്കുറിച്ച് ധ്യാനിക്കുന്ന ഈ കാലത്തിൽ ഇത് ഓർമ്മയിലുണ്ടാവണം. വളരണം; പക്ഷേ അത് മറ്റുള്ളവരെ തളർത്തിക്കൊണ്ടാവരുത്.



# ആത്മസമർപ്പണം

**സി. ജിസ്മി കൂട്ടിയാനിക്കൽ SMC**

*"എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നവൻ സ്വയം പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്റെ പിന്നാലെ വരട്ടെ"* (മത്താ 16,24) ദൈവപുത്രനായ ഈശോ ഒരു വ്യക്തി മാത്രമല്ല, ഒരു ജീവിതമാണ്. ഈശോയെ അനുഗമിക്കാൻ ആഗ്രഹിക്കുന്നവൻ അനുകരിക്കേണ്ടത് ഈ ജീവിതത്തെയാണ്. ഈശോയുടെ വചനങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കാൻ കഴിഞ്ഞെങ്കിലേ ക്രിസ്തീയജീവിതം സഫലമാവുകയുള്ളൂ. ഈശോ പറയുന്നു കർത്താവേ കർത്താവേ എന്നു വിളിക്കുന്നവരല്ല പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവരാണ് സ്വർഗ്ഗരാജ്യത്തിൽ സ്വീകാര്യർ എന്ന്. ഇങ്ങനെ വചനാധിഷ്ഠിതജീവിതത്തെ മുറുകെപ്പിടിക്കുകയും വിശാലമായ പാതകളെ അവഗണിച്ച് ഇടുങ്ങിയ വഴിയിലൂടെ സഞ്ചരിക്കുകയും ചെയ്തവരാണ് പുണ്യവാന്മാർ. അവരുടെ ജീവിതം നമുക്കു പകർന്നുതരുന്ന പാഠം ഏതു സാഹചര്യത്തിൽ ഉള്ളവർക്കും ഈ പാതയിലൂടെ സഞ്ചരിക്കാം എന്നു തന്നെയാണ്. ഈശോ സ്ഥാപിച്ചതും പുണ്യാത്മാക്കൾ നടന്നു തെളിഞ്ഞതുമായ പാതയുടെ പേരാണ് 'തിരുസഭ'. തിരുസഭാമക്കളായ നാമോരോരുത്തരും സഭാമാതാവ് തെളിച്ച വഴിയിലൂടെ ജീവിതയാത്ര പൂർത്തിയാക്കേണ്ടവരാണ്. എന്നാൽ ഇന്ന് ഈശോയിലേക്കുള്ള വഴികളെ വിശാലമാക്കാൻ ശ്രമിക്കുന്നവരാണ് പലരും. ഈ പ്രവണതകൾക്കെതിരെയുള്ള ചൂണ്ടുപലകയാണ് കൈത്താക്കാലം. ഭൗതിക വളർച്ച മാത്രം ശ്രദ്ധിക്കുന്ന ഓരോ ക്രിസ്ത്യാനിയും സ്വന്തം ആത്മാവിനെ പണയം വച്ചിരിക്കുന്നു എന്ന ഓർമ്മപ്പെടുത്തലാണ് കൈത്താക്കാലം നമുക്കു പകർന്നുതരുന്നത്.

ഈശോ വഹിച്ച കുരിശിനെ വെറും ഒരു രൂപമാക്കി മാറ്റാനും, ആ രൂപത്തെ വെള്ളിയിലും സ്വർണ്ണത്തിലും തീർക്കാനും മാത്രം ശ്രദ്ധ ചെലുത്തുന്ന ഇന്നത്തെ തലമുറയോട് ഈശോ പറയുന്നു: കുരിശ് ജീവിതമാണ്. നിന്റെ ജീവിതമാകുന്ന കുരിശ് ചുമക്കുമ്പോൾ ആ കുരിശിൽ ഞാനുണ്ടാകും. ആയിരക്കണക്കിന് പുണ്യവാന്മാർ കല്ലോടു കല്ല് ചേർത്ത് പണിതുയർത്തിയ തിരുസഭയിൽ അവർ കത്തിച്ചുയർത്തി കാട്ടിയ തീപ്പന്തത്തിന്റെ വെളിച്ചത്തിൽ നമുക്കും നടന്നടുക്കാം സ്വർഗരാജ്യം ലക്ഷ്യമാക്കി. ഏതൊരു വിത്ത് അഴുകാനും മുളപൊട്ടാനും

നൂറുമേനി ഫലം ഉണ്ടാകുവാനും മണ്ണും വെള്ള വും ആവശ്യമാണ്. നമ്മുടെ ആത്മീയജീവി തവും വിശ്വാസജീവിതവുമൊക്കെ ഇതു പോലെ തന്നെയാണ്. സാഹചര്യങ്ങളുടെ സ്വാധീനം നമ്മുടെ ആത്മീയജീവിത വളർച്ച യ്ക്ക് അത്യന്താപേക്ഷിതമാണ്. ഗോതമ്പുമണി മണ്ണിൽവീണ് അഴിയുമ്പോൾ അത് ഏറെ ഫലം പുറപ്പെടുവിക്കുന്നു. എല്ലാ വിത്തും നൂറു മേനി ഫലം പുറപ്പെടുവിക്കുകയില്ല.

രക്തസാക്ഷികളുടെ ചുടുനിണത്താലും സഭാപിതാക്കന്മാരാലും പരിപോഷിപ്പിക്കപ്പെട്ട സഭയിൽ ഈശോയുടെ സദ്വാർത്ത ലോക ത്തിന്റെ നാനാഭാഗങ്ങളിലേക്കും എത്തിച്ചത് ഇവരാണ്.

ദൈവത്തിന്റെ പ്രത്യേകമായ ഒരു ദൗത്യം നമ്മിലൂടെ നിർവ്വഹിക്കപ്പെടുന്നതിനുവേണ്ടി യാണ് നമ്മെ സൃഷ്ടിച്ചതുതന്നെ. നമ്മുടെ ദൗത്യനിർവ്വഹണയാത്രയിൽ ഈശോ നേരിട്ട അതേ എതിർപ്പ് നമുക്കും നേരിടേണ്ടിവരും. ഇങ്ങനെ ആഞ്ഞടിക്കുന്ന പ്രതികൂലസാഹച ര്യത്തിൽ ദൈവഹിതം തിരിച്ചറിയുവാൻ നമു ക്കാവണം.

കുരിശും കാൽവരിയും ജീവിതത്തിന്റെ അവിഭാജ്യഘടങ്ങളാണ്. ലോകം ഒരു വലിയ കാൽവരിയാണ്. ജീവിതയാത്രയിൽ കർത്താവ് കുരിശുകൾ തരുമ്പോൾ അവ താങ്ങുവാനായി ഒരു ശിമയോനെയും വിയർപ്പ് തുടക്കുവാനായി ഒരു വേറോനിക്കയെയും അവൻ അയച്ചിരി ക്കും. കുരിശുകൾ നിഴലുകളാണ്, നിഴലു കൾക്കു പിന്നിൽ യാഥാർഥ്യമുണ്ട്. കുരിശ് എവിടെ ഉയർന്നാലും പിന്നിൽ ക്രൂശിതൻ ഉണ്ട് എന്ന് ഓർക്കുക. എനിക്കും കുരിശിനും ഇട യിൽ ക്രൂശിതന്റെ പ്രാർത്ഥന ഉയരും. കുരിശി ന്റെയും സഹനത്തിന്റെയും വഴിയാണ് ദൈവം നമ്മുടെ നന്മയ്ക്കായി ഒരുക്കിയിരിക്കുന്നത്. കുറുക്കുവഴികളേക്കാളുപരി കുരിശിന്റെ വഴിയെ നടക്കുവാനാണ് അവൻ നമ്മോടാഹ്വാനം ചെയ്യുന്നത്. നിസ്സാരതകളിലും നിസ്സഹായവ സ്ഥകളിലും പ്രത്യക്ഷപ്പെടുന്ന ദൈവത്തെ കാണുവാൻ നമുക്കു കഴിയുന്നുണ്ടോ? ശിഷ്യത്വം മരിക്കാനുള്ള വിളിയാണ്. നമ്മുടെ സ്വാർത്ഥതയ്ക്കു മരിച്ച് മിശിഹായോടുകൂടി ഉയിർക്കാനുള്ള ഉന്നതമായ വിളി. ഒരിക്കൽ മാത്രം അവന്റെ കുരിശുചുമന്ന ശിമയോനും, അവനുവേണ്ടി കൂവിയ പൂവൻകോഴിയും സുവി ശേഷത്തിൽ ഓർമ്മിക്കപ്പെടുന്നുവെങ്കിൽ അവ നുവേണ്ടി ജീവിക്കാൻ തീരുമാനമെടുത്ത നമ്മെ അവനു മറക്കാനാകുമോ? സഭയാകുന്ന തരു വളരുന്നതിന് വളരെപ്പേരുടെ ചുടുനിണം വീണു കുതിർന്ന ഈ ഭൂമിയിൽ വിശ്വാസ ത്തിന്റെ ദീപശിഖ മങ്ങാതെ ഉയർത്തി കൊണ്ടു പോകുവാൻ സഹനത്തിന്റെ പാതയിലൂടെ നട ക്കേണ്ടിവരും. ഇളകിമറിയുന്ന വെള്ളത്തിലേക്ക് വിശ്വാസത്തോടെ ഒരു ചുവടു വച്ചാൽ അടുത്ത ചുവടു വയ്ക്കാനുള്ള വഴിയും ധൈര്യവും കർത്താവു നൽകും. വിശ്വാസത്തോടെ നാം നടത്തുന്ന ചുവടുവയ്പുകളും തീരുമാനങ്ങളും നമ്മെ ദൈവമക്കളായി രൂപാന്തരപ്പെടുത്തും. മുൻഗാമികൾ കാട്ടിത്തന്ന വിശ്വാസതീഷ്ണത യും ആത്മധൈര്യവും ഒട്ടും നഷ്ടപ്പെടു ത്താതെ ഇന്നിന്റെ ഈ കാലഘട്ടത്തിൽ സഭ യുടെ വളർച്ചയ്ക്ക് ഉതകുന്ന വിധത്തിൽ വിശ്വാ സത്തിന്റെ ധീരപോരാളിയായി നമുക്കു മുന്നേറാം. കുരിശാണ് രക്ഷ കുരിശിലാണ് രക്ഷ എന്ന ചിന്ത നമ്മെ അനുദിനം ധീരത യോടെ മുന്നേറാൻ പ്രാപ്തരാക്കട്ടെ..



# മടക്കയാത്രയില്ല

മെർലിറ്റ് അഞ്ചാനിക്കൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്



പിതൃമൊഴി

"സമയം ദൈവത്തിന്റെ ദാനമാണ്. മറ്റുള്ളവരുടെ സമയത്തെ നമ്മൾ ആദരിക്കുന്നവരാകണം" (*ദൈവദാസൻ വില്യം ജകീൻതാ*).

"ഹലോ റൂബി മാഡമല്ലേ? ഞാൻ മാഡത്തിന്റെ ഓഫീസിൽ ജോലി ചെയ്യുന്ന അഖില ബേണിയുടെ അമ്മയാ... എനിക്ക് മോളു പറഞ്ഞ് മാഡത്തെ നന്നായി അറിയാം. മാഡം കാറിൽ വന്നിറങ്ങുന്നതും ഡ്രസ്സിങ്ങും എന്തിന് ആ നടപ്പുപോലും അവളുപറഞ്ഞ് എനിക്കു പരിചയമാകേട്ടോ..."

"ക്ഷമിക്കണം, എനിക്കല്പം ജോലിത്തിരക്കുണ്ടല്ലോ, നമുക്കു പിന്നീട് സംസാരിക്കാം".

ഫോൺ കട്ടുചെയ്യാനൊരുങ്ങിയ റൂബിയെ അവർ വിടാനൊരുക്കമല്ല. "മാഡം, നിങ്ങൾക്ക് അവളെ വളരെ ഇഷ്ടമാണെന്നും ഓഫീസിലെ ജോലികൾ നന്നായി ചെയ്യുന്നതുകൊണ്ട് അവളോട് വലിയ പരിഗണനയാണെന്നുമൊക്കെ അവൾ പറയാറുണ്ട്. അതുകൊണ്ടു എനിക്കും മാഡത്തിനെ വലിയ ഇഷ്ടമാ.."

അങ്ങേത്തലയ്ക്കൽ ഫോൺ വയ്ക്കുന്ന ലക്ഷണമില്ലാതെ വന്നപ്പോൾ മാഡംതന്നെ സംസാരം കട്ടു ചെയ്തു.

സമയം കൊല്ലികളായിവരുന്ന ഇത്തരക്കാർ നമ്മുടെയിടയിൽ ധാരാളമുണ്ട്. പൊങ്ങച്ചം പറഞ്ഞും പൊള്ളവാക്കുകൾ പറഞ്ഞും മറ്റുള്ളവരുടെ കുറവുകളെയും കഴിവുകളെയും ന്യായീകരിച്ചും പർവ്വതീകരിച്ചും വെറുതെ സമയം കളയുന്ന എത്രയോ പേരുണ്ട്? യാതൊരു ധാർമ്മിക നിലവാരവുമില്ലാത്ത സീരിയലുകളുടെയും ചാനൽചർച്ചകളുടെയും സിനിമകളുടെയും മുൻപിലിരുന്ന് നേരം കളയുന്നവരും അതിന്റെ സ്വാധീനത്തിൽ കുടുംബബന്ധങ്ങളും വ്യക്തിബന്ധങ്ങളും വഷളാക്കുന്ന സ്ത്രീപുരുഷന്മാരും നമ്മുടെ സമൂഹത്തിൽ കൂടുതലാണ് എന്നത് വസ്തുതയാണ്. അതുപോലെ കുട്ടികളും യുവജനങ്ങളും തങ്ങൾക്കു ലഭിക്കുന്ന എത്രയോ വിലപ്പെട്ട സമയമാണ് മൊബൈൽ ചാറ്റിംഗിലും ഗെയിമുകളിലുമൊക്കെയായി നഷ്ടപ്പെടുത്തുന്നത്.

കടന്നുപോകുന്ന ഓരോ സെക്കന്റും നമ്മുടെ ജീവിതത്തിൽനിന്നും എന്നന്നേക്കുമായി നഷ്ടപ്പെടുകയാണ് എന്നകാര്യം നാം ഓർമ്മിച്ചിരുന്നുവെങ്കിൽ സമൂഹത്തിനും ലോകത്തിനും എത്രയോ നന്മകൾ ചെയ്യാൻ



നമുക്കു സാധിച്ചേനെ! സമയത്തിന് എത്രമാത്രം നാം വിലകൽപ്പിക്കുന്നുവോ അത്രമാത്രം മറ്റുള്ളവരുടെ സമയത്തെയും നാം ബഹുമാനിക്കും. നാം നഷ്ടപ്പെടുത്തുന്ന ഓരോ നിമിഷവും മറ്റൊരു വ്യക്തിയുടെ, സമൂഹത്തിന്റെ, ലോകത്തിന്റെതന്നെ പുരോഗതിയെ തടസ്സപ്പെടുത്തുകയാണെന്ന കാര്യം വിസ്മരിക്കരുത്.

'സമയം ദരിദ്രന്റെ നാണയത്തുട്ടാണ്' എന്ന് ദൈവദാസൻ വില്യം ജക്വീന്താ പറയുന്നുണ്ട്. ദരിദ്രനെ സംബന്ധിച്ചിടത്തോളം ഒരു ദിവസം മുഴുവൻ അധ്വാനിച്ചാലേ അന്നന്ന അപ്പത്തിനുള്ള വക അവനു കണ്ടെത്താനാകൂ. ഒരു ദരിദ്രന്റെ മനോഭാവത്തോടെ, കാഴ്ചപ്പാടോടെ നമുക്കു ലഭിക്കുന്ന സമയം ഉപയോഗിക്കാൻ നാമറിഞ്ഞിരിക്കണം. ഓരോ നിമിഷവും വിലപ്പെട്ടതായി കരുതി ജീവിതത്തെ ചിട്ടപ്പെടുത്തുവാൻ സാധിക്കാത്തവർക്കാണ് ജീവിതം പരാജയമായിത്തീരുന്നത്.

വിദ്യാർത്ഥികളും ഓഫീസുകളിലും മറ്റു പല മേഖലകളിലുമായി ജോലി ചെയ്യുന്നവരുമെല്ലാം തങ്ങൾ ഏറ്റെടുത്തിരിക്കുന്ന ഉത്തരവാദിത്വങ്ങളിൽ സമയനിഷ്ഠയുള്ളവരും പ്രതിബദ്ധതയുള്ളവരും ആത്മാർത്ഥതയുള്ളവരും അർപ്പണമനോഭാവമുള്ളവരും ആയിത്തീരുകയാണെങ്കിൽ എത്ര വലിയ കണ്ടുപിടുത്തങ്ങളും അത്ഭുതങ്ങളും ഈ ലോകത്തിൽ ഇനിയും നടക്കാതിരിക്കുകയില്ല! "ഒരു നന്മയെങ്കിലും ചെയ്യാത്ത ഒരു ദിവസം നിന്റെ ജീവിതത്തിനുണ്ടാകരുത്" എന്നു പറഞ്ഞ വി. ചാവറയച്ചന്റെ വാക്കുകൾ നമുക്കോർക്കാം.

അതുകൊണ്ട് നമുക്കു ലഭിച്ചിരിക്കുന്ന സമയം ഒരു നല്ല നാളെയുടെ നിർമ്മിതിക്കായി വിനിയോഗിക്കാൻ നമുക്കു സാധിക്കട്ടെ. സമയത്തെ വിലമതിച്ചുകൊണ്ട് നന്മയുടേയും പുരോഗതിയുടേയും വഴിയിൽ നമുക്കു നമ്മുടെ ലോകത്തെ കെട്ടിപ്പടുക്കാം.





# ഇത്തിൾ

**സാബി കോഴിക്കോട്**

**കു**ഞ്ഞഗസ്തിചേട്ടൻ നല്ലൊരു കർഷകനാണ്. പറമ്പെന്നു വച്ചാൽ അയാൾക്കു മക്കളെക്കാൾ ജീവനാണുതാനും. താൻ നട്ടുവളർത്തിയ വൃക്ഷങ്ങളോടു പകലന്തിയോളം കിന്നാരം പറഞ്ഞുനടക്കുവാൻ ചേട്ടനു വലിയ താല്പര്യമാണ്. എന്തുചെയ്യാം! മക്കളുടെ നിർബന്ധം സഹിക്കവയ്യാതെ ചേട്ടന് ഒന്നു ലണ്ടൻ വരെ പോകേണ്ടി വന്നു. പെട്ടെന്നു വിട്ടേക്കാമെന്ന് ഉറപ്പുണ്ടായിരുന്നെങ്കിലും കൊറോണക്കാലമല്ലേ? ഗവൺമെന്റ് സമ്മതം മൂളിയത് രണ്ടു വർഷങ്ങൾക്കുശേഷമാ.... സ്വന്തം വീട്ടിൽ തിരിച്ചു കയറിയപ്പോഴാണ് അഗസ്തിച്ചേട്ടന്റെ ശ്വാസം നേരേ വീണത്.

ഒത്തിരിക്കാലമായി പറമ്പിലൊന്നിറങ്ങിയിട്ട്. ഉത്സവപ്പറമ്പിലിറങ്ങിയ കുട്ടിയെപ്പോലെ കുഞ്ഞഗസ്തിച്ചേട്ടൻ തന്റെ പറമ്പിലുടനീളം ഓടിനടന്നു. തെക്കേ പറമ്പിലേക്ക് നോക്കിയ ചേട്ടൻ ഞെട്ടിത്തരിച്ചുപോയി. വർഷങ്ങളായി കുലകുത്തി കായ്ച്ചിരുന്ന തന്റെ ഒട്ടുമാവ് സമൂലം ഉണങ്ങിപ്പോയിരിക്കുന്നു. പകരം മറ്റൊരുത്തൻ അതിൽ സ്ഥാനവും പിടിച്ചിരിക്കുന്നു. അടുത്തുചെന്നു നോക്കുമ്പോഴാണ് തന്റെ മാവിനെ ഉണക്കിയ ജഗജില്ലി ഒരു ഇത്തിൾക്കണ്ണിയാണെന്ന കാര്യം അദ്ദേഹത്തിനു പിടികിട്ടിയത്. ഇനി കരഞ്ഞിട്ടെന്തു കാര്യം? പോകാനുള്ളതു പോയി!

ഇത്തിൾക്കണ്ണികൾ.... നരന്തുപോലിരിക്കുന്ന ഇവർ പെട്ടെന്ന് ആരുടെയും കണ്ണിൽപ്പെടാറില്ല. സൂത്രത്തിൽ കയറിപ്പറ്റുന്ന ഇവർ പതുക്കെപ്പതുക്കെ നമ്മുടെ നിയന്ത്രണം ഏറ്റെടുക്കുമെന്നു മാത്രമല്ല, നമ്മെത്തന്നെ ഊറ്റിക്കുടിച്ച് സമൂലനാശം വരുത്തുകയും ചെയ്യും. നമുക്കുചുറ്റും കണ്ണോടിച്ചാൽ സമൂഹത്തെ കാർന്നുതിന്നുന്ന കൊടുംക്രൂരതകൾ പലതും ആരംഭിക്കുന്നത് ചെറിയ ചെറിയ വീഴ്ചകളിൽ നിന്നോ തിന്മകളിൽ നിന്നോ ഒക്കെയാവാം. പിന്നീടത് ആർക്കും നിയന്ത്രിക്കാനാവാത്ത തഴക്കദോഷങ്ങളായി മാറുന്നുവെന്നേയുള്ളൂ. എന്റെ ജീവൻ, എന്റെ കുടുംബം, എന്റെ വിശ്വാസം എന്നിവ നാം നെഞ്ചോടു ചേർത്തുപിടിക്കുന്ന

യാഥാർത്ഥ്യങ്ങളാണെങ്കിൽ എന്തുകൊണ്ട് ഇവയൊക്കെ കൈവിട്ടുപോകാതിരിക്കുവാൻ നാം ശ്രദ്ധാലുക്കളാകുന്നില്ല? തിരുവചനം നമ്മെ പഠിപ്പിക്കുന്നു: "കള്ളൻ രാത്രിയിൽ ഏതു സമയത്താണു വരുന്നതെന്നു ഗൃഹനാഥൻ അറിഞ്ഞിരുന്നുവെങ്കിൽ അവൻ ഉണർന്നിരിക്കുകയും തന്റെ ഭവനം കവർച്ച ചെയ്യാൻ ഇടകൊടുക്കാതിരിക്കുകയും ചെയ്യും" (മത്താ 24,43). ആയതിനാൽ നാം നിതാന്തജാഗ്രത പുലർത്തുന്ന കാവൽക്കാരായേ തീരൂ.

'ഇത്തിൾക്കണ്ണിയെ കൊത്തിക്കളയണം' എന്നാണു ചൊല്ല്. എത്ര പ്രിയപ്പെട്ടതാണെങ്കിലും നമ്മുടെ കെട്ടുറപ്പിനു വിലങ്ങുതടിയാകുന്നവയെ മുളയിലേ നുള്ളുവാൻ നമുക്കു ധൈര്യമുണ്ടാവണം. നമ്മുടെ കമ്പ്യൂട്ടറിൽ കടന്നുകയറി വിവരങ്ങൾ അടിച്ചുമാറ്റുന്ന വൈറസുകളെപ്പോലെയാണ് മറ്റു മരങ്ങളുടെ ചില്ലകളിൽ കയറിപ്പറ്റി പോഷകങ്ങൾ അടിച്ചുമാറ്റുന്ന ഇത്തിൾക്കണ്ണിയുടെ പ്രവർത്തനം. ജീവിതത്തിൽ നാമനുഭവിക്കേണ്ടി വരുന്ന കടന്നുകയറ്റങ്ങളിൽ സർപ്പങ്ങളുടെ വിവേകം നാം ആർജ്ജിച്ചെടുത്തേ മതിയാവൂ.

ഒരു കർഷകൻ തന്റെ കൃഷിയിടത്തെ പരിപാലിക്കുംപോലെ നമ്മെ സൂക്ഷിക്കാനേൽപ്പിച്ചിരിക്കുന്നവർക്കുമീതെ വട്ടമിട്ടു പറക്കാൻ നമുക്കാവണം. അതിനൊന്നേ വേണ്ടൂ. കർത്താവിനെ കൂട്ടുപിടിക്കുക. കാരണം കർത്താവു തൊട്ടതൊന്നും ഇന്നുവരെ ഫലം ചൂടാതിരുന്നിട്ടില്ല; സൗഖ്യമറിയാതിരുന്നിട്ടുമില്ല. ആയതിനാൽ കൈവിട്ടുകളയാതിരിക്കാം കർത്താവിനെയും കർത്താവു തന്നവരെയും.... ഒരു കാര്യം കൂടി...

*ഒരിക്കലും അപരന്റെ ജീവിതത്തെ നിലംപരിശാക്കുന്ന ഇത്തിൾക്കണ്ണിയാവല്ലേ....*


## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Tel. 0481-2578192

# സഹനത്തിൽ വിരിഞ്ഞ സ്വർഗ്ഗപുഷ്പം



**സൗമ്യാ കാഞ്ഞിരക്കാട്ട്**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

മഞ്ഞിൽ കുതിർന്നു നിൽക്കുന്ന പ്രകൃതി ഫ്രാൻസിലെ ടുളൂസ് പട്ടണത്തിൽ നിന്നും പതിമൂന്നുകിലോമീറ്റർ അകലെ സ്ഥിതി ചെയ്യുന്ന പിബ്രാക് ഗ്രാമമായിരുന്നു അത്. ഇവിടെയാണ് നമ്മുടെ കഥാനായികയുടെ ജനനം; പിബ്രാക് ഗ്രാമത്തെ തന്റെ ജനനത്താൽ പ്രശസ്തമാക്കിയ വിശുദ്ധ ജെർമെയിൻ.

1579-ൽ ആയിരുന്നു അവളുടെ ജനനം. ചെറുപ്പത്തിലെ അമ്മ മരിച്ചുപോയ അവളെ പിതൃസഹോദരിയാണ് വളർത്തിയത്. ഭക്തയായ അവൾ ജെർമെയിന് തന്റെ വിശുദ്ധി പകർന്നുകൊടുത്തു. പിതൃസഹോദരിയുടെ നിർബന്ധം മൂലം അവളുടെ പിതാവായ ലോറന്റ് വീണ്ടും വിവാഹം കഴിച്ചു. ബാലികയായ ജെർമെയിൻ പിതൃഭവനത്തിലേക്ക് തിരിച്ചുപോരുകയും ചെയ്തു. എന്നാൽ പ്രാഥമിക വിദ്യാഭ്യാസം പോലും അവൾക്ക് ലഭിച്ചിരുന്നില്ല. ചെറുപ്പത്തിലെ ബാധിച്ച കണ്ഠമാല എന്ന രോഗം മരണംവരെ അവൾക്ക് വേദന നൽകിയിരുന്നു. അവളുടെ വലതുകൈ മെലിഞ്ഞതും ഭാഗികമായി തളർന്നതുമായിരുന്നു. കൂടാതെ മറ്റു പലതരം രോഗങ്ങളും അവളെ ബാധിച്ചിരുന്നു. എന്നാൽ നാനാവിധ വേദനകളുടേയും സഹനങ്ങളുടേയുമിടയിൽപ്പോലും അവളുടെ മുഖത്ത് ഒരു പ്രത്യേക ശാന്തിയും മാധുര്യവും കളിയാടിയിരുന്നു. അവളുടെ രണ്ടാനമ്മ വളരെ കഠിനഹൃദയയായ ഒരു ദുഷ്ടസ്ത്രീയായിരുന്നു. നിസ്സാരമായ കാരണങ്ങൾക്കുപോലും അവൾ ജെർമെയിനെ ക്രൂരമായി അടിച്ചിരുന്നു. പലപ്പോഴും അടികൾമൂലം പാവം ബോധരഹിതയായി വീണിട്ടുമുണ്ട്. രണ്ടാനമ്മയെ എല്ലാ കാര്യങ്ങളിലും സന്തോഷിപ്പിക്കുവാൻ ജെർമെയിൻ അങ്ങേയറ്റം ശ്രദ്ധിച്ചിരുന്നു. ചിലപ്പോൾ വെറുപ്പുമൂലം രണ്ടാനമ്മ തിളച്ച വെള്ളം ജെർമെയിന്റെ ദേഹത്ത് ഒഴിക്കുമായിരുന്നു. ജെർമെയിന് ഒരിക്കലും നല്ല ആഹാരമവൾ കൊടുത്തിരുന്നില്ല. വിശപ്പിന്റെ കാഠിന്യം കൊണ്ട് വളർത്തുനായ ബാക്കിവച്ച ഭക്ഷണം പോലും അവൾ കഴിച്ചിട്ടുണ്ട്. സ്വന്തം വീട്ടിൽ കിടക്കാൻ അവൾക്ക് അനുവാദമില്ലായിരുന്നു. ആടുകളെയും കോഴികളെയും പാർപ്പിച്ചിരുന്ന ഒരു കെട്ടിടത്തിന്റെ ഗോവണിക്കു താഴെ ഇതിന്റെയെല്ലാം ദുർഗന്ധവും സഹിച്ച് ഉണക്കമുന്തിരിക്കമ്പുകൾ കൊണ്ടും ഉണങ്ങിയ ഇലകൾകൊണ്ടും സ്വയം ഉണ്ടാക്കിയ ഒരു കിടക്കയിലായിരുന്നു അവൾ ഉറങ്ങിയിരുന്നത്.

ജെർമെയിനെ കഴിവതും വീട്ടിൽനിന്നകറ്റി നിർത്തുവാനോ അതോ ചെന്നായ്ക്കൾ ആക്രമിച്ചു കൊല്ലട്ടെയെന്നു കരുതിക്കൊണ്ടോ, രണ്ടാനമ്മ അവളെ അവരുടെ ആട്ടിൻപ്പറ്റത്തെ മേയ്ക്കുവാനായി എന്നും അയക്കുമായിരുന്നു. അങ്ങനെ പോകുന്ന സമയത്ത് അവൾ എല്ലാ ദിവസവും പരിശുദ്ധ കുർബാനയിൽ പങ്കെടുത്തിരുന്നു. കുട്ടികൾക്ക് ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ച് പറഞ്ഞുകൊടുക്കുമായിരുന്നു. വിശപ്പിലും തണുപ്പിലും വേദനയിലും ഏകാന്തതയിലും പ്രാർത്ഥനയായിരുന്നു അവളെ താങ്ങിനിർത്തിയ ഏക ബലം. തന്റെ രണ്ടാനമ്മയ്ക്കുവേണ്ടി എന്നും പ്രാർത്ഥിക്കുവാനും അവൾ മറന്നില്ല. രാത്രിയുടെ ഏകാന്തയാമങ്ങളിൽ ആത്മാവിന്റെ നാഥനായ ഈശോയുമായി അവൾ ഹൃദയസംഭാഷണത്തിൽ ഏർപ്പെടുമായിരുന്നു. അങ്ങനെ തന്റെ സഹനങ്ങളെ കുരിശോടു ചേർത്തുവച്ച് അവൾ 21-ാം വയസ്സിൽ സ്വർഗ്ഗകിരീടം ചൂടി.

പ്രിയ സഹോദരങ്ങളേ, വി. ജെർമെയിന്റെ ജീവിതം നാം നമ്മുടെ ഹൃദയത്തിലേക്ക് ഏറ്റുവാങ്ങുമ്പോൾ മനസ്സിലാക്കേണ്ട ഒരു കാര്യമുണ്ട്. സഹനങ്ങളുടെ മുമ്പിൽ ഓടിയൊളിക്കുകയല്ല അവൾ ചെയ്തത്. ഉയിർപ്പിലൂടെ നിത്യജീവന്റെ പ്രത്യാശ നൽകുന്ന ദിവ്യനാഥന് ഉലയിൽ ഉരുക്കപ്പെട്ട സ്വർണ്ണം പോലെ അവൾ തന്നെത്തന്നെ സമർപ്പിച്ചു. നമ്മുടെ അനുദിനജീവിതത്തിൽ ഉണ്ടാകുന്ന പരാജയങ്ങളിൽ, സഹനങ്ങളിൽ പൈശാചിക ശക്തികൾക്ക് അടിമപ്പെടാതെ മിശിഹായിൽ വിശ്വാസമുറപ്പിച്ചുകൊണ്ട് കരുത്തോടെ ഉയിർത്തെഴുന്നേൽക്കണം. ദൈവത്തിന്റെ ശക്തമായ കരം അവൾ തന്റെ ജീവിതത്തിൽ എന്നും അനുഭവിച്ചിരുന്നു. ക്രൂരന്മാരായ ചെന്നായ്ക്കളിൽനിന്ന് തന്റെ ആട്ടിൻപറ്റത്തെ രക്ഷിക്കാൻപോലും അവൾക്ക് ശക്തി ലഭിച്ചിരുന്നു. ക്രൈസ്തവരായ നാം ഓരോരുത്തർക്കും മാമ്മോദീസാ എന്ന കൂദാശയിലൂടെ ലഭിച്ചിരുന്ന ദൈവിക പ്രസാദവരത്തെ മറച്ചുവയ്ക്കാതെ ഈ ലോകമാകുന്ന നമ്മുടെ ജീവിതത്തിൽ ദൈവം നമ്മിൽ നിക്ഷേപിച്ചിരിക്കുന്ന ദൈവികപദ്ധതിയെ തിരിച്ചറിഞ്ഞ് നിത്യജീവൻ ലക്ഷ്യംവച്ചുകൊണ്ട് നമ്മുടെ ജീവിതത്തെ നമുക്കു പടുത്തുയർത്താം. ദിവ്യനാഥന്റെ ഉയിർപ്പിൽ നമുക്ക് വിശ്വാസമർപ്പിക്കാം.



*“സമുദ്രത്തിലൂടെ കടന്നുപോകുമ്പോൾ ഞാൻ നിന്നോടുകൂടെയുണ്ടായിരിക്കും. നദികൾ കടക്കുമ്പോൾ അതു നിന്നെ മുക്കിക്കളയുകയില്ല. അഗ്നിയിലൂടെ നടന്നാലും നിനക്കു പൊള്ളലേല്ക്കുകയില്ല. ജ്വാല നിന്നെ ദഹിപ്പിക്കുകയുമില്ല. ഞാൻ നിന്റെ ദൈവമായ കർത്താവും രക്ഷകനും ഇസ്രായേലിന്റെ പരിശുദ്ധനുമാണ്”* (ഏശയ്യാ 43,2-3).

# കാലെബ്



**ഷിജി പറപ്പള്ളിയാത്ത്**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**വാ**ഗ്ദത്തഭൂമിയിലേക്കുള്ള ഇസ്രായേലിന്റെ യാത്രയിൽ കാനാൻദേശം ഒറ്റുനോക്കാൻപോയ പന്ത്രണ്ടുപേരിൽ പത്തുപേർ ഭീരുക്കളും രണ്ടുപേർ ധൈര്യശാലികളുമായിരുന്നു. യൂദാഗോത്രത്തിൽപെട്ടവനും കെനീസിയകാരനുമായ യഫുന്നയുടെ മകനാണ് കാലെബ് (സംഖ്യ 14,38). കാലെബ് എന്ന വാക്കിനർത്ഥം 'വിശ്വസ്തത' എന്നാണ്. ദൈവിക വാഗ്ദാനങ്ങളിൽ വിശ്വസ്തനും അത് പ്രാവർത്തികമാക്കുന്നതിൽ ധീരനുമായിരുന്നു അദ്ദേഹം. പുറപ്പാടുയാത്രയ്ക്കിടയിൽ പാരാൻ മരുഭൂമിയിൽ വച്ച് കാനാൻദേശം ഒറ്റുനോക്കാൻ മോശ തലവന്മാരെ തെരഞ്ഞെടുത്ത് അയയ്ക്കുന്നു. അതിന്റെ മാനദണ്ഡങ്ങൾ മോശ ഇപ്രകാരം വിവരിക്കുന്നു: "ഇവിടെനിന്ന് നെഗെബിലേക്കും തുടർന്ന് മലമ്പ്രദേശത്തേക്കും പോകുവിൻ. നാട് ഏതുവിധമുള്ളതാണ്; അവിടുത്തെ ജനങ്ങൾ ശക്തരോ ബലഹീനരോ; അവർ എണ്ണത്തിൽ കുറവോ കൂടുതലോ; അവർ വസിക്കുന്ന സ്ഥലം നല്ലതോ ചീത്തയോ; അവർ വസിക്കുന്ന നഗരങ്ങൾ വെറും കൂടാരങ്ങളോ മതിൽകെട്ടി ഉറപ്പിച്ചതോ; ഭൂമി ഫലഭൂഷ്ടി ഉള്ളതോ അല്ലാത്തതോ; വൃക്ഷസമ്പത്ത് ഉള്ളതോ ഇല്ലാത്തതോ എന്നു പരിശോധിക്കണം. ധൈര്യം അവലംബിക്കുവിൻ. ആ ദേശത്തുനിന്ന് കുറച്ച് ഫലങ്ങളും കൊണ്ടുവരണം. മുന്തിരി പഴുത്തുതുടങ്ങുന്ന കാലമായിരുന്നു അത്" (സംഖ്യ 13,17-20).

തെരഞ്ഞെടുക്കപ്പെട്ട തലവന്മാർ നെഗബിൽനിന്ന് ഹെബ്രോണിലെത്തി. അനാക്കിന്റെ പിന്തുടർച്ചക്കാരായ അതികായന്മാരുടെ നാടായിരുന്നു ഹെബ്രോൺ. നാല്പതുദിവസത്തെ രഹസ്യനിരീക്ഷണത്തിനുശേഷം ഇസ്രായേൽ തലവന്മാർ മോശയുടെ പക്ക

ലെത്തി ആ നാടിനെപ്പറ്റി വിവരിക്കുന്നു. തങ്ങൾക്ക് നിശ്ചയിക്കപ്പെട്ട സ്ഥലം നല്ല താണെന്നവർ പറയുന്നു. എന്നാൽ അത് കൈവശപ്പെടുത്താനുള്ള ശക്തി നമുക്കില്ല എന്നത്രെ അവരുടെ പക്ഷം. ചുറ്റും കൂടിയ ജനത്തെ നിശബ്ദരാക്കിയിട്ട്, കാലെബ് പറയുന്നു. "നമുക്ക് ഉടനെ പോയി ആ ദേശം കൈവശപ്പെടുത്താം. അത് കീഴടക്കാനുള്ള ശക്തി നമുക്കുണ്ട്" (സംഖ്യ 13,27-29). എന്നാൽ ഭീരുക്കളായ തലവന്മാരുടെ പ്രതികരണം നോക്കുക. "ഞങ്ങൾ ഒറ്റുനോക്കിയ ദേശം അവിടെ വസിക്കാൻ ചെല്ലുന്നവരെ വിഴുങ്ങി കളയുന്നതാണ്; അവിടെ ഞങ്ങൾ കണ്ട മനുഷ്യരോ അതികായന്മാർ! നെഫിലിമിൽ നിന്നു വന്ന അനാക്കിന്റെ മല്ലന്മാരായ മക്കളെ ഞങ്ങൾ അവിടെ കണ്ടു. അവരുടെ മുമ്പിൽ ഞങ്ങൾ വെറും വിട്ടിലുകളാണെന്ന് ഞങ്ങൾക്ക് തോന്നി. അവർക്ക് ഞങ്ങളെക്കുറിച്ചും അങ്ങനെതന്നെ തോന്നിയിരിക്കണം" (സംഖ്യ 13,32-33). ഭീരുത്വത്തിന്റെ വെളിപ്പെടുത്തലുകളാണിവ. ഭീരുത്വം വേരുപാകിയ ഹൃദയത്തിൽ വിശ്വാസം നിലനില്ക്കില്ല, അത് സത്യത്തെ മറച്ചുപിടിക്കുന്നു. മാത്രമല്ല ആത്മവിശ്വാസം ഇല്ലാതാക്കുന്നു. സമൂഹത്തിന്റെ വിശ്വാസത്തെ ക്ഷയിപ്പിക്കുകയും ക്ഷതമേലേപ്പിക്കുകയും ചെയ്യുന്നു. കൂടെനടക്കുന്ന ദൈവത്തിൽ വിശ്വാസമില്ലാത്തവർ!! ഇസ്രായേൽ ജനം ഭയം നിമിത്തം ഈപ്തിലേക്ക് തിരികെ പോകാനും മോശയ്ക്കും അഹറോനുമെതിരെ പിറുപിറുക്കാനും തുടങ്ങി. എന്നാൽ കാലെബിന്റെയും ജോഷ്വായുടെയും പ്രതികരണം മറിച്ചാണ്. ഭയം എന്തെന്ന് ധീരൻ അറിയുന്നില്ല. അവർ ഇസ്രായേൽ ജനത്തോട്, തങ്ങൾ കണ്ട സ്ഥലം അതിവിശിഷ്ടമാണെന്നും കർത്താവ് സംപ്രീതനെങ്കിൽ തേനും പാലുമൊഴുകുന്ന ആ ദേശം നമുക്ക് തരികതന്നെ ചെയ്യും എന്നു വിളിച്ചുപറഞ്ഞു. അവിടുത്തെ ജനങ്ങളെ ഭയപ്പെടേണ്ടെന്നും കർത്താവിനോട് മറുതലിക്കരുതെന്നും കൂടെയുള്ള ദൈവത്തിൽ ആശ്രയിക്കണമെന്നും അവർ ഉദ്ബോധിപ്പിക്കുന്നു.

ഒരേ വസ്തുതതന്നെ രണ്ടു രീതിയിൽ വീക്ഷിക്കുന്ന മനുഷ്യരെ ഇന്നും കാണാൻ കഴിയും. വിശ്വാസമില്ലാത്ത ജനഹൃദയത്തെ കണ്ട് കർത്താവിന്റെ നിലപാട് നോക്കുക. അവിശ്വസ്തയ്ക്ക് പ്രായശ്ചിത്തം ചെയ്തുകൊണ്ട് നാല്പതു ദിവസത്തിനു പകരം നാല്പതു



വർഷം മരുഭൂമിയിൽ നാടോടികളായി അലഞ്ഞുതിരിയുവാൻ അവരെ വിട്ടുകൊടുക്കുന്നു. അവിടുത്തോടു മറുതലിക്കുകയും പരീക്ഷിക്കുകയും അവിശ്വസിക്കുകയും ചെയ്തവരിൽ അവസാനത്തെ മനുഷ്യൻവരെ മരിച്ചുവീഴാൻ അവിടുന്ന് അനുവദിക്കുന്നു. അവിശ്വാസം പാടെ പിഴുതെറിയപ്പെടുംവരെ മരുഭൂമിയിൽ ഇസ്രായേൽ ജനം പാർക്കുന്നു (സംഖ്യ 14,35).

യൂദാഗോത്രത്തിലെ യഫുന്നയുടെ മകൻ കാലെബിനെക്കുറിച്ച് കർത്താവ് പറയുന്നു: "എന്നാൽ എന്റെ ദാസനായ കാലെബിനെ അവൻ ഒറ്റുനോക്കിയ ദേശത്തേയ്ക്ക് ഞാൻ കൊണ്ടുപോകും. അവന്റെ സന്തതികൾ അത് കൈവശമാക്കും. എന്തെന്നാൽ അവനെ നയിച്ച ചൈതന്യം വ്യത്യസ്തമാണ്. അവൻ എന്നെ പൂർണമായി അനുഗമിക്കുകയും ചെയ്തു" (സംഖ്യ 14,24; നിയമ 1,35-36). സമൂഹത്തിൽ വലിയ സ്ഥാനമാനങ്ങളൊന്നും നേടിയിട്ടില്ല കാലെബ്. ശാന്തനായി, നല്ലവനായി വിശ്വസ്തനായി ജീവിക്കുന്നതിൽ സംതൃപ്തി കണ്ടെത്തി. അതിന് പ്രതിഫലമായി വാഗ്ദാനഭൂമിയിൽ കാലുകുത്താൽ ദൈവം അവനെ അനുവദിച്ചു. എന്നാൽ അവിശ്വസ്തരായ ഇസ്രായേൽ ജനത്തോടൊപ്പം കാലെബും ജോഷ്വായും നാല്പതുവർഷം മരുഭൂമിയിൽ സഞ്ചരിച്ചു.

മോശയുടെ മരണശേഷം ജോഷ്വായുടെ നേതൃത്വത്തിൽ മുന്നോട്ടുനീങ്ങിയ ഇസ്രായേൽജനം വാഗ്ദാനഭൂമി സ്വന്തമാക്കുന്നു. കാനാൻദേശം കൈയടക്കുക, ഇസ്രായേൽഗോത്രങ്ങൾക്ക് അത് വിഭജിച്ചുകൊടുക്കുക എന്ന ദൗത്യം ജോഷ്വാ നന്നായി നിർവഹിക്കുന്നു. ഗിൽഗാലിലെത്തിയപ്പോൾ യൂദായുടെ മക്കൾ കാലെബിന്റെ നേതൃത്വത്തിൽ ജോഷ്വായുടെ അടുത്തെത്തി, കർത്താവ് മോശവഴി തനിക്ക് അവകാശമായി നൽകേണ്ട ഹെബ്രോൺ മലമ്പ്രദേശം തരണമെന്ന് ആവശ്യപ്പെടുന്നു. അനാക്കിമുകൾ വസിക്കുന്ന ഇടമായ ഹെബ്രോൺ നൽകി ജോഷ്വാ അവനെ അനുഗ്രഹിച്ചു. അപ്പോൾ കാലെബിന് എൺപത്തഞ്ച് വയസ് പ്രായമായിരുന്നു. അവിടെയുള്ള അനാക്കിന്റെ സന്തതികളെ കീഴ്പ്പെടുത്തി നാട് സ്വന്തമാക്കി (നിയമ 1,10; ജോഷ്വ 15,14).

ദബീർ ദേശക്കാർ കാലെബിനെ ഇടയ്ക്കിടയ്ക്ക് ശല്യപ്പെടുത്താറുണ്ട്. അവരെ യുദ്ധം ചെയ്ത് വിജയം വരിക്കുന്നവന് തന്റെ മകളെ വിവാഹം ചെയ്തുകൊടുക്കുമെന്ന് അവൻ വാഗ്ദാനം ചെയ്തു. അവന്റെ ഇളയ സഹോദരന്റെ പുത്രൻ ഒത്നിയേൽ ദബീർ ദേശക്കാരെ ഒടിച്ച് ദേശം പിടിച്ചടക്കി. കാലെബ് സ്വന്തം മകളെ അവന് ഭാര്യയായി കൊടുക്കുന്നു (ജോഷ്വാ 15,15).

ഈജിപ്തിലേക്കു തിരിഞ്ഞുനോക്കാതെ വിശ്വാസം, സത്യസന്ധത, ധീരത എന്നീ ചുണ്ടുപലകകളിലൂടെ കാലെബ് വാഗ്ദത്ത ഭൂമിയിൽ എത്തുന്നു. പകൽ മേഘസ്തംഭമായും രാത്രിയിൽ അഗ്നിസ്തംഭമായും മരുഭൂമിയിൽ മന്നപൊഴിച്ചും പാറയിൽനിന്ന് ജലം നൽകിയും കരുതലോടെ കാക്കുന്ന കർത്താവിനെ അവൻ അനുഭവിച്ചു. മനുഷ്യൻ തന്റെ ജീവിതയാത്രയിൽ ദൈവത്തോട് വിശ്വസ്തരായിരിക്കണമെന്നും വ്യവസ്ഥകളില്ലാതെ അവിടുത്തെ അനുസരിക്കണമെന്നും കാലെബിന്റെ ജീവിതം സമർത്ഥിക്കുന്നു. വാഗ്ദാനങ്ങളിൽ വിശ്വസ്തനായ ദൈവത്തോടുകൂടെ നടന്ന അദ്ദേഹംവഴി ജോർദ്ദാൻ നദി നിശ്ചലമാക്കിയും അമോര്യരെ കീഴ്പ്പെടുത്തുമ്പോൾ കന്മഴ വർഷിച്ചും കർത്താവ് ഇസ്രായേലിനുവേണ്ടി യുദ്ധം ചെയ്തത് അവിടുത്തെ കരുണയുടെ തെളിവുകളാണ്. എത്ര ബലഹീനരായാലും കർത്താവ് കൂടെയുള്ളപ്പോൾ ആരെയും ഭയപ്പെടേണ്ടതില്ല.

**ചിന്തിക്കാൻ**

* *ദൈവത്തോടു വിശ്വസ്തരായിരിക്കുക*
* *കൂടെയുള്ള ദൈവത്തെ തിരിച്ചറിയുക*
* *ഭീരുത്വം അകറ്റുക*
* *ദൈവിക പദ്ധതിയിലെ നന്മകൾ കാണുക.*



# സഭൈക്യവും ആരാധനക്രമാലാപനവും

**റവ. ഡോ. മാത്യു വെള്ളാനിക്കൽ**

**2021** ജൂലൈ 3-ാം തീയതി പരിശുദ്ധപിതാവ് ഫ്രാൻസിസ് മാർപാപ്പ സീറോ മലബാർ സഭാംഗങ്ങൾക്ക് അയച്ച കത്തിൽ ആവശ്യപ്പെട്ടിരിക്കുന്നത് ഐകരൂപ്യത്തിലുള്ള കുർബാനയർപ്പണമാണ്. കുർബാനാഘോഷത്തിലുള്ള ഐകരൂപ്യം സഭയിൽ ഐക്യമുളവാക്കും. ഈ ഐക്യമാണ് മറ്റെന്തിനേക്കാളുമുപരി ദൈവം ആഗ്രഹിക്കുന്നത്. ഇതിനുവേണ്ടിയാണ് ഈശോ അവസാനമായി പ്രാർത്ഥിച്ചതും (യോഹ 17:20-26). കുർബാനാഘോഷത്തിൽ സംഗീതത്തിനു വലിയ പ്രാധാന്യമുണ്ട്. കുർബാന പ്രാർത്ഥനകൾ എന്തായിരുന്നാലും അവ ചൊല്ലുകയും പാടുകയും ചെയ്യുമ്പോഴാണ് അവ അനുഭവമായിത്തീരുന്നത്. “ഒന്നിച്ചു പ്രാർത്ഥിക്കുന്ന കുടുംബം ഒന്നിച്ചു ജീവിക്കുന്നു” എന്ന ചൊല്ല് തികച്ചും അർത്ഥവത്താണ്. അതുകൊണ്ട് ദൈവത്തെ പ്രതിനിധീകരിക്കുന്ന കാർമ്മികനും ദൈവജനത്തെ പ്രതിനിധീകരിക്കുന്ന സമൂഹവും ഡയലോഗ്‌രൂപത്തിൽ കുർബ്ബാന അർപ്പിച്ചെങ്കിൽ മാത്രമേ കുർബാനയർപ്പണം ശരിയായ രീതിയിലുള്ള പ്രാർത്ഥനയും ബലിയർപ്പണവും ആവുകയുള്ളൂ. അതിന് ശരിയായ ആരാധനക്രമാലാപനം സഭയ്ക്ക് ഉണ്ടാവണം.

**സിനഡ് തീരുമാനം**

ഇപ്രകാരമൊരു ആരാധനക്രമാലാപനം സീറോമലബാർ സഭയുടേതായി, 2017 ജനുവരിമാസത്തിൽ, കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ സമ്മേളിച്ച മെത്രാന്മാരുടെ സിനഡ് അംഗീകരിച്ചു. പ്രസ്തുത ആരാധനക്രമാലാപനത്തിന്റെ CD യും സംഗീതസ്വരചിന്നങ്ങളോടുകൂടിയ പുസ്തകവും 2017 മാർച്ച് 31-ാം തീയതി സഭാകേന്ദ്രത്തിൽ സംലഭ്യമാക്കുകയും ചെയ്തു. അക്കാര്യം മേജർ ആർച്ചുബിഷപ്പ്, അഭിവന്ദ്യ കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി പിതാവ് സഭയിലെ എല്ലാ മെത്രാന്മാരെയും അറിയിക്കുകയും, പ്രസ്തുത ആരാധനാക്രമം നമ്മുടെ സഭയുടെ എല്ലാ രൂപതകളിലും നടപ്പാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. എന്നാൽ ഇതുവരെ ഈ തീരുമാനം പ്രായോഗികമായി നടപ്പിലാക്കുവാൻ സഭാംഗങ്ങൾക്കു കഴിഞ്ഞിട്ടില്ല.

**ഇന്നത്തെ ആരാധനക്രമാഘോഷം**

ഇന്നത്തെ സീറോമലബാർ സഭയുടെ ആരാധനക്രമാഘോഷം, പ്രാർത്ഥനകൾ കാർമ്മികന്റെ മനോധർമ്മമനുസരിച്ച് ചൊല്ലിക്കൊണ്ടും പാട്ടുകൾ കുറേ സുറിയാനിരീതിയിലും, മറ്റുള്ളവ ഭക്തസംഗീതമാതൃകയിൽ പാടിക്കൊണ്ടുമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അത് പലപ്പോഴും ഗായകസംഘത്തിന്റേതുമാത്രമായിത്തീരുന്നു. അതുകൊണ്ട് ദൈവജനമാകുന്ന സമൂഹത്തിന് അതിൽ സജീവമായി പങ്കെടുക്കാൻ കഴിയാതെ പോകുന്നു. ഇപ്രകാരം ആഘോഷിക്കുന്നതുകൊണ്ട് ആരാധനക്രമാഘോഷത്തിലൂടെ സംജാതമാകേണ്ട ഹൃദയൈക്യം ഉണ്ടാകുന്നില്ല. മാത്രമല്ല വ്യത്യസ്തമായ പാട്ടുകൾ പ്രാദേശികമായും രൂപതാപരമായും ഉപയോഗിക്കുകയും ചെയ്യുന്നു. അതിനുംപുറമേ അർപ്പണരീതിയെക്കുറിച്ച് വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളും നിലപാടുകളും നിലവിലിരിക്കുന്നു. ഇതെല്ലാം സഭൈക്യത്തിനു തടസ്സം സൃഷ്ടിക്കുന്നുണ്ട്.

ഈ സ്ഥിതിവിശേഷം സംജാതമായത് കുർബാനക്രമം സുറിയാനിയിൽനിന്നും മലയാളത്തിലേക്ക് വിവർത്തനം ചെയ്ത 1962 മുതലുള്ള കാലഘട്ടത്തിലാണ്. ഇതിനു മാറ്റം വരുത്തി ശരിയായ രീതിയിലുള്ള ആരാധനക്രമാഘോഷത്തിനുള്ള സാദ്ധ്യതയാണ് സിനഡിന്റെ അംഗീകാരമുള്ള ആരാധനാക്രമാലാപനം നല്കുന്നത്.

**കത്തോലിക്കാസഭയുടെ നിലപാട്**

ആരാധനക്രമസംഗീതത്തെക്കുറിച്ചുള്ള കത്തോലിക്കാസഭയുടെ നിലപാട് രണ്ടാം വത്തിക്കാൻ കൗൺസിൽ ഇപ്രകാരം വിശദീകരിക്കുന്നു. വിശുദ്ധസംഗീതത്തിന്റെ ഭണ്ഡാഗാരം അതീവശ്രദ്ധയോടെ സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. എല്ലാ തിരുക്കർമ്മങ്ങളും വിശ്വാസികളുടെ സമൂഹത്തിനു മുഴുവൻ സജീവഭാഗഭാഗിത്വം കാഴ്ചവയ്ക്കുന്നതിനു സാധിക്കത്തക്ക വിധം ആവശ്യമുള്ള ക്രമവത്കരണം ചെയ്യാൻ മെത്രാന്മാരും മറ്റ് ആത്മീയപാലകന്മാരും അതീവ ശ്രദ്ധയോടെ കരുതേണ്ടിയിരിക്കുന്നു" (SC 114). സീറോ മലബാർ സഭയുടെ വിശുദ്ധ സംഗീത ഭണ്ഡാഗാരം പൗരസ്ത്യസുറിയാനി പാരമ്പര്യമാണ്. ആ പാരമ്പര്യം അനുസരിച്ചുള്ള ലളിതമായ ആലാപനമാണ് ഇപ്പോൾ മെത്രാൻസിനഡ് അംഗീകരിച്ച് നടപ്പിലാക്കുവാൻ ആവശ്യപ്പെട്ടിട്ടുള്ളത്. അത് സീറോ മലബാർ സഭയിലെ എല്ലാ രൂപതകളിലും നടപ്പിൽ വരുത്തുകയാണെങ്കിൽ സഭൈക്യത്തിന് അതു കൂടുതൽ സഹായകമായിത്തീരും.

**ആരാധനക്രമാലാപനത്തിന്റെ പ്രയോജനങ്ങൾ**

ആരാധനക്രമാലാപനം പ്രാർത്ഥനയെ കൂടുതൽ ആസ്വാദ്യകരമാക്കുകയും മനുഷ്യമനസ്സുകളെ ഒന്നിപ്പിക്കുകയും ചെയ്യുന്നു. ആരാധനക്രമശുശ്രൂഷകൾക്ക് ആഘോഷമായ പരിവേഷം നല്കി ആരാധനാസമൂഹത്തെ സജീവമായി ശുശ്രൂഷയിൽ പങ്കെടുക്കാൻ സഹായിക്കുന്നു. സഭാശരീരത്തിന്റെ ശിരസ്സായ മിശിഹായെ പ്രതിനിധീകരിച്ചുകൊണ്ട് കാർമ്മികനും അവയവങ്ങളാകുന്ന സഭാംഗങ്ങളും ഒന്നായിനിന്നുകൊണ്ട് മിശിഹായിലൂടെ പരിശുദ്ധാത്മാവിൽ പിതാവിനെ ആരാധിക്കുന്ന (യോഹ 4,23-24) ആരാധനാസമൂഹത്തിനു രൂപം കൊടുക്കുന്നു. കാർമ്മികനോടു ചേർന്നുനിന്നുകൊണ്ട് സമൂഹത്തിലുള്ള ഓരോരുത്തരും അവരവരുടെ നിലപാടുകൾ പ്രകടമാക്കി സഭാസമൂഹത്തെ കുടുംബാരൂപിയിൽ വളർത്തുന്നു. സംഭാഷണങ്ങൾ, ഏറ്റുപറച്ചിലുകൾ, പ്രഖ്യാപനങ്ങൾ, വായനകൾ, സങ്കീർത്തനങ്ങൾ തുടങ്ങിയ വിവിധ പ്രാർത്ഥനാരൂപങ്ങൾക്ക് അതാതിന്റെ പരിവേഷം നല്കുവാൻ ആരാധനക്രമാലാപനം സഹായിക്കുന്നു. സ്വരത്തിന്റെ ആരോഹണങ്ങളും അവരോഹണങ്ങളും നിശ്ചിതപരിധിയിലായതുകൊണ്ട് എല്ലാവർക്കും, ഗായകർക്കും അല്ലാത്തവർക്കും, ആലപിക്കുവാൻ സാധിക്കുന്നതാണ് ആരാധനക്രമാലാപനം.

**ആരാധനാസമൂഹം: ഗായകസംഘം**

ആരാധനാസമൂഹം മുഴുവനുമാണ് യഥാർത്ഥ ഗായകസംഘം എന്നുപറയാം. ആരാധനാസമൂഹമാകുന്ന ഗായകസംഘത്തെ പൊതുവേ സ്വർഗ്ഗീയ ഗായകസംഘം, ഭൗമികഗായകസംഘം എന്നിങ്ങനെ രണ്ടായി തിരിച്ച് വിശേഷിപ്പിക്കുന്ന പാരമ്പര്യം സഭയിലുണ്ട്. മദ്ബഹായിലെ പുരോഹിതന്മാരും ശുശ്രൂഷികളും ചേർന്നതാണ് സ്വർഗ്ഗീയഗായകസംഘം. ഗായകവേദിയിലെ ഗായകരും സമൂഹവേദിയിലെ വിശ്വാസികളും ചേർന്നു രൂപംകൊള്ളുന്നതാണ് ഭൗമികഗായകസംഘം. മദ്ബഹായിലും ഹൈക്കലായിലും ഉള്ളവരെ ഗാനാലാപനത്തിനു സഹായിക്കുക എന്നതാണ് ഗായകസംഘത്തിന്റെ ചുമതല. ദൈവാലയത്തിന്റെ മഹത്ത്വത്തിനു ചേർന്നതും വിശ്വാസികളുടെ സജീവ പങ്കാളിത്തത്തിനു സഹായകവുമായ സംഗീതോപകരണങ്ങൾ ഉപയോഗിക്കാവുന്നതാണ്. എന്നാൽ അവ ആരാധനാസമൂഹത്തിന്റെ ശബ്ദത്തിന് ആനുപാതികവും സ്വരലയത്തിനു ചേരുന്നവയുമായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വിശ്വാസം ജനിപ്പിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും സഹായകമായ വിധത്തിലായിരിക്കണം ആരാധനക്രമപ്രാർത്ഥനകൾ ആലപിക്കേണ്ടത്.


**ഗായകസംഘപരിശീലനം**

ഗായകസംഘങ്ങളുടെ ദൗത്യം ഒരേ സ്വരത്തിലും ഈണത്തിലും പ്രാർത്ഥിച്ചും പാടിയും, ഹൃദയൈക്യത്തോടെ ആരാധനക്രമാഘോഷത്തിൽ പങ്കുചേരുവാൻ ആരാധനാസമൂഹത്തെ സഹായിക്കുക എന്നതാണ്. അതുകൊണ്ട് നമ്മുടെ സഭയിലെ ഗായകസംഘങ്ങൾക്കും അവശ്യം ലിറ്റർജിക്കൽ പരിശീലനം നൽകേണ്ടതുണ്ട് (SC 115). ലിറ്റർജിക്കൽ ചാന്റ് സഭാസമൂഹത്തിൽ നടപ്പിൽ വരുത്തുന്നതിന് നേതൃത്വം നൽകുവാൻ ഗായകസംഘങ്ങളുടെ സഹായത്തോടെ വൈദികസമൂഹം സന്നദ്ധമാകണം. സീറോ മലബാർസഭയിലെ ആരാധനക്രമാഘോഷത്തിന് നിയതമായ രൂപഭാവങ്ങൾ പകരുവാനും ആരാധനക്രമാദ്ധ്യാത്മികതയിൽ സഭാംഗങ്ങൾ വളരുവാനും സഭയുടെ ഐക്യത്തിനും ഈ ആരാധനക്രമാലാപനം സഹായകമാകും.

# ഫലസമൃദ്ധി

ജിസ കൂട്ടിയാനിക്കൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

വഴിവിളക്കും ചാരുബഞ്ചും കൂട്ടുകാരായിരുന്നു. വഴിയാത്രക്കാരായ പലരും വിശ്രമിക്കാനായി ബഞ്ചിലിരിക്കുകയും കുശലാന്വേഷണങ്ങൾ നടത്തുകയും ക്ഷീണമകറ്റി കടന്നുപോവുകയും ചെയ്തിരുന്നു. മഴയും മഞ്ഞും ചൂടും തണുപ്പും എല്ലാം ഏറ്റ് അവരങ്ങനെ നിന്നിരുന്നു. ഒരുദിവസം പെട്ടെന്ന് വഴിവിളക്ക് അണഞ്ഞുപോയി. വലിയ ആകുലതയോടു കൂടി ചാരുബഞ്ച് ചോദിച്ചു: "എന്താണ് നീ അണഞ്ഞത്?". വഴിവിളക്കു പറഞ്ഞു: "ഓ..ഇനി ഇങ്ങനെയാണ്. എന്നെക്കൊണ്ട് ആർക്കും വലിയ പ്രയോജനമൊന്നും ഇല്ല. എല്ലാവർക്കും നിന്നെ മതിയല്ലോ". മഞ്ഞും മഴയും കൊണ്ട് ഇവിടെ നില്ക്കുന്നതിൽ കാര്യമൊന്നുമില്ല". ഇത് കേട്ടു ചാരുബഞ്ച് ഏറെ വേദനിച്ചു. വഴിവിളക്കിനെ അനുനയിപ്പിക്കാനായി ശ്രമിച്ചു. എന്നാൽ വഴിവിളക്കു കേട്ടഭാവം നടിച്ചില്ല. ആ ദിവസങ്ങളിൽ യാത്രക്കാരായ പലരും വെളിച്ചം കാണാതെ തട്ടിവീണു. വെളിച്ചമില്ലാത്തതിനാൽ ആരും ബഞ്ചിലിരിക്കാനും തയ്യാറായില്ല. കുറെ ദിവസം കൊണ്ട് അവർ രണ്ടു പേരും ഏകാന്തതയിലായി. ഒരു ദിവസം ഏറെ സങ്കടത്തോടെ ചാരുബഞ്ച് വഴിവിളക്കിനോടു പറഞ്ഞു. "നിന്റെ വെളിച്ചമില്ലാതെ ആർക്കും എന്നെയും വേണ്ടെന്ന് നിനക്കു മനസ്സിലായില്ലേ? എത്ര പെട്ടെന്നാണ് നമ്മുടെ സന്തോഷം പോയിമറഞ്ഞത്. നമ്മിലുള്ള നന്മകൾ ഫലമണിയുന്നത് മറ്റുള്ളവരിലെ നന്മകളും കൂടി ചേർത്തുവയ്ക്കുമ്പോൾ മാത്രമാണ്. നൊമ്പരങ്ങളുടെ വളക്കൂറിൽ വേണം അതു ഫലമണിയുവാനും". വഴിവിളക്ക് അന്നുമുതൽ പ്രകാശിക്കാൻ തുടങ്ങി. അവരുടെ ജീവിതം വീണ്ടും സന്തോഷപ്രദമായി.





കൈത്താക്കാലം ഫലസമൃദ്ധിയുടെ കാലമാണ്. സഭയാകുന്ന അമ്മ നല്കുന്ന പോഷണം സ്വീകരിച്ച് അവളുടെ മക്കൾ അഭിവൃദ്ധി നേടുന്ന കാലം. എന്നാൽ ഫലസമൃദ്ധി ഉണ്ടാകുന്നത് ഇല്ലാതായി തീരുന്നതിലൂടെയാണ്. വിത്തു മണ്ണിൽവീണഴിഞ്ഞ് നൂറുമേനി ഫലം നല്കുന്നതും, മുള്ളുകൾനിറഞ്ഞ റോസ ച്ചെടിയിൽ പനിനീർപുഷ്പങ്ങൾ വിരിയുന്നതും, ചേറിൽ വേരുകൾ ഉറപ്പിച്ചു മനോഹരമായ താമരപ്പൂക്കൾ ഉണ്ടാകുന്നതും ഈ പ്രകൃതിയുടെതന്നെ പാഠങ്ങളാണ്. ആത്മീയഫലങ്ങളും അങ്ങനെതന്നെ. കുരിശിൽ ഈശോ നമുക്കായി നല്കിയ അവിടുത്തെ തിരുശരീരവും രക്തവും ആണ് നമ്മുടെ ആത്മീയവളർച്ചക്കു പോഷണം. ഗോതമ്പുമണികൾ പൊടിക്കപ്പെടുമ്പോഴാണല്ലോ അത് അപ്പമായി മാറുക.

കൈത്താക്കാലം നമുക്കു നല്കുന്ന മറ്റൊരു പാഠം ആർക്കും അവനിലൂടെ മാത്രമായി ഫലസമൃദ്ധിയില്ല എന്നതുതന്നെയാണ്. മറ്റുള്ളവരിലെ നന്മയോടു ചേർത്തുവയ്ക്കുമ്പോൾ മാത്രമാണ് എന്നിലെ നന്മകൾ ഫലമണിയുന്നത്. ഇല്ലെങ്കിൽ പത്തായത്തിലെ വിത്തുപോലെ അത് അങ്ങനെ തന്നെയിരിക്കും. ഫലസമൃദ്ധിയുള്ളവരാകാം. അതിനായി മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കാം. ദൈവം നമുക്കു നല്കിയ കൃപകളെ മറ്റുള്ളവരുടേതിനോട് ചേർത്തുവച്ച് ഫലം പുറപ്പെടുവിക്കുന്നവരാകാം. സഭയാകുന്ന അമ്മ നല്കുന്ന ആത്മീയപോഷണം സ്വീകരിക്കാം. നൊമ്പരങ്ങളെ പനിനീർപുഷ്പങ്ങളാക്കാം. അങ്ങനെ കർത്താവു നല്കിയ താലന്തുകളെ ഇരട്ടിയായി വർദ്ധിപ്പിക്കാം.



# സെനക്കിൾ തരംഗം

## സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനാവത്സരത്തിലെ കൈത്താക്കാലത്തിലൂടെയാണല്ലോ നാം ഇപ്പോൾ കടന്നുപോകുന്നത്. ശ്ലീഹന്മാരുടെ സുവിശേഷപ്രഘോഷണത്തിന്റെ ഫലമായി ജന്മംകൊണ്ട സഭ, അവളുടെ വിശ്വാസപൈതൃകം അതിന്റെ തനിമയിൽ മനസ്സിലാക്കി ജീവിക്കുവാനും, തങ്ങളുടെ ജീവിതത്തിലൂടെ വിശ്വാസത്തിനു സാക്ഷ്യം നല്കുവാനും വിളിക്കപ്പെട്ടവരുടെ സമൂഹമാണല്ലോ. ഇതു സാദ്ധ്യമാകണമെങ്കിൽ അവർ വിശ്വാസപൈതൃകത്തിന്റെ ആഘോഷമാകുന്ന ആരാധനക്രമത്തിൽ സജീവമായി സംബന്ധിക്കുന്നവരും അതിൽനിന്നും ശക്തിയാർജ്ജിച്ച് തങ്ങളുടെ വിശ്വാസം ജീവിക്കുന്നവരുമാകണം. ഇതു സാധ്യമാകണമെങ്കിൽ ആരാധനക്രമാഘോഷങ്ങൾക്കു നേതൃത്വം നല്കുന്ന വൈദികർ, ക്രിസ്തുവർഷം 2017-ൽ മെത്രാന്മാരുടെ സിനഡ് അംഗീകരിച്ച, ആരാധനക്രമാലാപനം നന്നായി പഠിച്ച് ആരാധനക്രമാഘോഷങ്ങൾക്കു നേതൃത്വം നല്കണം. അതുകൊണ്ട് അതിന്റെ പ്രാധാന്യം മനസ്സിലാക്കി, അതു പ്രാവർത്തികമാക്കി അജപാലനശുശ്രൂഷ നിർവ്വഹിക്കുവാൻ നമുക്ക് ഒന്നുചേർന്നു പരിശ്രമിക്കാം.

**മല്പാൻ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

## വാർത്തകൾ

ചങ്ങനാശ്ശേരി, പാലാ, കാഞ്ഞിരപ്പള്ളി, താമരശ്ശേരി രൂപതകളിലുള്ള സൊഡാലസ് വൈദികരും ആസ്പിരന്റ് വൈദികരും 2021 ജൂൺ 15-ാം തിയതി ഉച്ചകഴിഞ്ഞ് 6.30 മുതൽ 7.30 വരെ നടന്ന, 'സ്നേഹത്തിന്റെ മാക്സിമലിസ'കുടുംബസമ്മേളനത്തിൽ പങ്കുചേരുകയും, സ്ഥാപകപിതാവായ ദൈവദാസൻ വില്യം ജക്വീന്താ പിതാവിന്റെ സ്വർഗ്ഗപ്രവേശനദിനം ആഘോഷിക്കുകയും ചെയ്തു. പ്രസ്തുത സമ്മേളനത്തിൽ ഇന്ത്യയുടെ മാക്സിമലിസം കുടുംബത്തിന്റെ സ്ഥാപക ഡയറക്ടറായ മല്പാൻ മാത്യു വെള്ളാനിക്കലച്ചൻ, ഈ കുടുംബത്തിന്റെ പൊതു കാരിസമായ 'അപ്പസ്തോലിക് മാക്സിമലിസ'ത്തെപ്പറ്റി സന്ദേശം നല്കുകയും എല്ലാവരും അവരുടെ ആശയങ്ങളും അനുഭവങ്ങളും പങ്കുവയ്ക്കുകയും ചെയ്തു. ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ സെനക്കിൾ സൊദാലെസും സെനക്കിൾ ആസ്പിരൻസും പ്രമാണരേഖ പഠനവിഷയമാക്കുകയും ബഹു. മല്പാനച്ചൻ അതിനു നേതൃത്വം നല്കുകയും ചെയ്തു.

# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയെ



അശ്വതി പുതുമന

**ഒന്നാം ദിവ്യരഹസ്യം:** *"ദൂതൻ അവളുടെ അടുത്തു വന്നു പറഞ്ഞു കൃപ നിറഞ്ഞവളെ സ്വസ്തി കർത്താവ് നിന്നോടു കൂടെ".*

ദൂതനിൽ നിന്നും മംഗളവാർത്ത ശ്രവിച്ചതോടെ സ്വന്തം ശരീരത്തിൽ എന്നപോലെ ഹൃദയത്തിലും വചനം വസിക്കുവാൻ ഇടയാക്കിയതുപോലെ വചനത്തെ ഹൃദയത്തിൽ സ്വീകരിച്ച് നിരന്തരം ധ്യാനിക്കുന്നതിനുള്ള അനുഗ്രഹം അമ്മേ ഈശോ വഴി ഞങ്ങൾക്ക് നേടിത്തരണമേ.

**രണ്ടാം ദിവ്യരഹസ്യം:** *"മറിയം പറഞ്ഞു ഇതാ കർത്താവിന്റെ ദാസി നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ".*

കർത്താവിൽ നിന്നും കേട്ട ദുർഗ്രഹങ്ങളായ കാര്യങ്ങൾക്കൂടെയും ഹൃദയത്തിൽ സൂക്ഷിച്ച് ധ്യാനിച്ച പരി.അമ്മേ ഞങ്ങളുടെ ജീവിതത്തിലുടനീളം ദൈവ പരിപാലനയെ ദർശിക്കുന്നതും അതിനു സ്വയം വിധേയരാകുന്നതിനും വേണ്ട അനുഗ്രഹം ഞങ്ങൾക്കു നേടിത്തരണമേ.

**മൂന്നാം ദിവ്യരഹസ്യം:** *"എല്ലാ തലമുറയും എന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും".*

മനോഹരമായ പ്രാർത്ഥനാജീവിതം നയിച്ച് പ്രാർത്ഥനയാണ് ഞങ്ങളുടെയും ജീവിതത്തിന്റെ അടിസ്ഥാനം എന്ന് ഞങ്ങൾക്കു കാണിച്ചു തന്ന പരി. അമ്മേ ഞങ്ങളുടെ പ്രാർത്ഥനയിൽ നിരന്തരം ദൈവസ്വരം കേൾക്കുന്നതിനുള്ള അനുഗ്രഹം ഈശോവഴി ഞങ്ങൾക്കു നേടിത്തരണമേ.

**നാലാം ദിവ്യരഹസ്യം:** *"കർത്താവ് അരുൾചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി".*

വിശ്വാസ തീർത്ഥാടനത്തിൽ ശക്തിയിൽനിന്നും ശക്തിയിലേക്കു നടന്ന പരി. അമ്മേ ഞങ്ങളുടെ ജീവിതത്തിലെ ഓരോ നിമിഷങ്ങളിലും ദൈവഹിതത്തിന് വിശ്വാസത്തിൽ മറുപടി നല്കുവാൻ ഞങ്ങളെ സഹായിക്കണമേ.

**അഞ്ചാം ദിവ്യരഹസ്യം:** *"ശക്തനായവൻ എനിക്കു വലിയകാര്യങ്ങൾ ചെയ്തിരിക്കുന്നു".*

അഗാധമായ എളിമയും വിനയവും നിറഞ്ഞ ജീവിതം നയിച്ച് ദൈവത്തിന്റെ പ്രസാദത്തിന് പാത്രീഭൂതയായ പരി. അമ്മേ അമ്മയെപ്പോലെ എളിമയും, വിനയവും, വിശുദ്ധിയും നിറഞ്ഞ ഒരു ജീവിതം നയിക്കുവാൻ വേണ്ട അനുഗ്രഹം ഈശോ വഴി ഞങ്ങൾക്കു നേടിത്തരണമേ.

**നമുക്ക് പ്രാർത്ഥിക്കാം:** ഓ പരിശുദ്ധ അമ്മേ, മക്കളായ ഞങ്ങൾ അങ്ങയെ വിളിച്ചപേക്ഷിക്കുന്നു. ദൈവത്തിന്റെ അമ്മേ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ. അനുദിന ജീവിതത്തിൽ ഞങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകളിലും സങ്കടങ്ങളിലും ശാന്തതയോടെ അവയെ നേരിടാനും സന്തോഷത്തോടെ സ്വീകരിക്കാനും അങ്ങനെ എല്ലാവർക്കും ദാനമായിത്തീരാനും അമ്മ ഞങ്ങളെ സഹായിക്കണമേ. ആമ്മേൻ.

'കർത്താവിനെ ഭയപ്പെടുന്നവൻ അധീരനാവുകയോ
ഭീരുത്വം പ്രകടിപ്പിക്കുകയോ ഇല്ല; അവിടുന്നാണ് അവന്റെ പ്രത്യാശ.
ദൈവഭക്തന്റെ ആത്മാവ് അനുഗൃഹീതമാണ്; തന്റെ ആശ്രയം അവൻ
അറിയുന്നു. തന്നെ സ്നേഹിക്കുന്നവരെ കർത്താവു കടാക്ഷിക്കുന്നു;
അവിടുന്ന് ശക്തമായ സംരക്ഷണവും, ഉറപ്പുള്ള താങ്ങും, ചുടുകാറ്റിൽ
അഭയകേന്ദ്രവും, പൊരിവെയിലിൽ തണലും, ഇടറാതിരിക്കാൻ
സംരക്ഷണവും, വീഴാതിരിക്കാൻ ഉറപ്പും ആണ്. അവിടുന്ന്
ആത്മാവിനെ ഉത്തേജിപ്പിച്ച് കണ്ണുകളെ പ്രകാശിപ്പിക്കുന്നു;
അവിടുന്ന് സൗഖ്യവും ജീവനും അനുഗ്രഹവും
പ്രദാനം ചെയ്യുന്നു'

(പ്രഭാ 34:14- 17)



PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly)
RNI: KERMAL/2014/59983
Published on 24th August 2021

Registered: KL/KTM/72/2021-23
Licence No:KL/CR/KTM/WPP-14/2021-23
Licensed to post without prepayment

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

"സ്വാതന്ത്ര്യത്തിൻ ഛായയിലല്ലോ
ജീവിക്കുന്നു ദുരാശകളെല്ലാം
അത്തണലവയെ വെടിഞ്ഞിടുമ്പോൾ
നിഷ്ക്രിയമായവതീരും നൂനം
സ്വാതന്ത്ര്യത്തിൻ കൈകളിലല്ലോ
സ്വർഗ്ഗവുമതുപോൽ നരകത്തീയും"

(കൈത്താക്കാലം, വെള്ളി – ഓനീസാ ദ്റംശാ)

Printed, Published & Owned by Annamma Kulathupurayidom, Spirituality Centre, Manganam P.O., Kottayam - 686 018; Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph:0481-2570862, Email: wigipress@gmail.com; Published at Spirituality Centre, Manganam P.O., Kottayam - 686 018, Ph:0481- 2578192, Email: psmktm@gmail.com
Editor: Fr. Mathew Vellanickal